


ഡോമ്നിക്കു സാവ്യോ.

St. Joseph's Press, Mannanam

# കർമ്മലകുസുമം.

പുസ്തകം ൨൩ } ൧൯൨൫ സെപ്റ്റംബർ. { ലക്കം ൯


## മരിയാംബികാകീർത്തനം.

(ബാലാഭിഷേകം എന്ന രീതി.) (ബിയാഗ് രാഗം. ചായ്‌വൃതാളം.)

ജന്മാഘലേശവും തീണ്ടിടാതുൽപ്പത്തിയിൽ
ജന്മം ലഭിച്ചുള്ള കന്യാസ്ത്രീയേ!
സാരസ്യസൗഭാഗ്യസാരള്യസൗശീല്യ
ചാരുസ്വരൂപിണി നമസ്കാരം.
ദൊഹറാ.
കന്യാവ്രതത്തിനൊന്തരമേശാതെ
മാന്യേ! മാതാവായിത്തീർന്ന മേരി
പിൻമുടക്ക്.
സരസിജസുമമൊട്ടുകിടയെഴുമംഗം
തിരളിനമരിയേ! വരമരുളേണം
സ്രഷ്ടാവിന്നാത്മജേ! രക്ഷകന്നംബേ
ശിഷ്ടാത്രുപന്നുടെ സ്നേഹപൂർണ്ണേ.
ദൊഹറാ. (ൻ
ഘോരമാം സംസാരസാഗരംതാണ്ടീടുവാ
സാരമാം നൌകമായ്ത്തീർന്ന നാഥേ!
പിൻമുടക്ക്.
മഹിളകളണിയും മരതകരൂപീ!
മഹിമയൊടിവനെ നോക്കീടേണേ
ഭാസ്കരൻതോററീടുമാസ്യമിയന്നൊരു
നാഥേ! മഹേശ്വരീ! തായേ! നമസ്തേ!
ദൊഹറാ.
ക്രിസ്ത്യാനിപ്പരിഷത്തു സങ്കേതമായും
അസ്ഥാവലംബർക്കൊരാശ്രയമായും.
പിൻമുടക്ക്.
ദിവിചരമകുടെ വിലസീടുമംബേ!
അവികലമിവനായ് തുണയരുളേണം
സാഷ്ടാംഗമിഷ്ടപ്രസാദത്തിനായഹം
വിഷ്ടപനായികേ! പ്രാർത്ഥിക്കുന്നേൻ.
ദൊഹറാ.
നിന്മകനെന്നുടെ രക്ഷകനാമീശോ
സ്ലീവായിൽ കിടന്നരുളിയ വാക്കാൽ
പിൻമുടക്ക്.
അവനിയിലിയലും സകല നരർക്കും
ഭവതിശരിക്കിഹ ജനനി നിനച്ചാൽ
തന്മൂലം നിർമ്മായനമ്മയാം നീയെന്റെ
നന്മയ്ക്കായ് പ്രാർത്ഥിക്ക ചിന്മഹേശീ!

സി. എം. സെബാസ്റ്റ്യൻ, അതിരമ്പുഴ.

## പ്രസാധകക്കുറിപ്പുകൾ.

### കന്നിമാസം.

ഈ മാസത്തിൽ ദൈവജനനിയുടെ രണ്ടു പ്രധാന തിരുനാളുകൾ ആഘോഷിക്കപ്പെടുന്നുണ്ട്. 8-ാംനു- ചൊവ്വാഴ്ച ഈ സ്വർഗ്ഗരാജ്ഞിയുടെ പിറവിത്തിരുനാളും 20-ാംനു- ഞായറാഴ്ച അവിടത്തെ വ്യാകുലത്തിരുനാളുമാണ് ആഘോഷിക്കപ്പെടുന്നത്. വേദപാരഗനായ വി. അല്ഫോൻസ് ലിഗോര

അഭിപ്രായപ്പെടുന്നതുപോലെ, ദൈവജനനിയുടെ സാക്ഷാൽ ഭക്തർ തങ്ങളുടെ പരലോകനാഥയുടെനേർക്കുള്ള സ്നേഹാദരങ്ങളേ പ്രദർശിപ്പിക്കുന്നതിനു തക്ക അവസരങ്ങളാണ് അവിടത്തെ തിരുനാളുകൾ. എത്രഹൃദയപൂർവ്വം പ്രസ്തുത സുദിനങ്ങളേ നാം കൊണ്ടാടുമോ അത്രയ്ക്കും സ്വർഗ്ഗീയ നന്മകൾ ഈ അമ്മ വഴിയായി ലഭിക്കുമെന്നുള്ളതിനു സംശയമില്ല. ആകയാൽ ഇപ്രകാരമുള്ള മനോധാരാളത്വത്തോടുകൂടെ മേല്പറഞ്ഞ തിരുനാളുകളെ നാം പ്രതീക്ഷിച്ചിരിക്കേണ്ടതാണ്. ഇതിനും പുറമേ കന്നിമാസം മുഴുവൻ വ്യാകുലമാതാവിൻെറ വണക്കത്തിനായി നിശ്ചയിക്കപ്പെട്ടിരിക്കുന്നതാകയാൽ, വണക്കമാസം മുറപ്രകാരം കഴിപ്പാൻ സാധിക്കാത്തവർ പരിശുദ്ധഅമ്മയുടെ വ്യാകുലങ്ങളേക്കുറിച്ചുള്ള വല്ല ജപങ്ങളെങ്കിലും പ്രതിദിവസംചൊല്ലിവരുവാൻ ശ്രമിക്കേണ്ടതാകുന്നു. "ഭൂവാസികളിൽ എൻെറ വ്യാകുലതകളേ ഓർത്തു സഹതപിക്കുന്നവരേ ഞാൻ അന്വേഷിച്ചതിൽ വളരെ ചുരുക്കംപേരേയേ കാണുന്നുള്ളു. ആകയാൽ എൻെറ മകളേ നീയെങ്കിലും അവയേപ്പററി ചിന്തിക്കയും യഥാശക്തി അനുകരിച്ചു ദുഃഖിക്കയുംചെയ്ക" എന്നു പരിശുദ്ധ ജനനി വി. ബ്രിജീത്താപുണ്യവതിയോടു അരുളിച്ചെയ്ത വചനങ്ങൾ നമ്മിൽ ഓരോരുത്തരോടു പറയുന്നതായി നാം വിചാരിക്കണം.

## ഫ്രാൻസീസ്ക്കൻ ജപമാല.

വി. ഫ്രാൻസീസ്സ്ലാസിൻെറ മൂന്നാം സഭക്കാർക്കായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഒരു ഫ്രാൻസീസ്ക്കൻ ജപമാലയേപ്പററി നമ്മുടെ നാട്ടിലുള്ള മൂന്നാംസഭക്കാർ പലരും അറിഞ്ഞിട്ടില്ലാത്തതായിക്കാണുന്നു. ഒരു 'ആകാശങ്ങളിലിരിക്കുന്നതും' പത്തു 'നന്മനിറഞ്ഞമറിയവും' വീതമുള്ള ഏഴു രഹസ്യങ്ങളുടെശേഷം രണ്ടു നന്മനിറഞ്ഞമറിയവും, ഒടുവിൽ മാർപ്പാപ്പായുടെ നിയോഗപ്രകാരം ഒരു ആകാശങ്ങളിലിരിക്കുന്നതും ഒരു നന്മനിറഞ്ഞമറിയവുമാണ് ഈ ജപമാലയിൽ ചൊല്ലാനുള്ളതു്. ദൈവജനനിയുടെ എഴുപത്തിരണ്ടു തിരുവയസ്സിനൊപ്പിച്ചാണു എഴുപത്തിരണ്ടു നന്മനിറഞ്ഞ മറിയം നിശ്ചയിച്ചിരിക്കുന്നതു്. പരിശുദ്ധ ദേവമാതാവിൻെറ സന്തോഷങ്ങളിന്മേൽ ധ്യാനിച്ചുകൊണ്ടാണു ജപമാല ചൊല്ലേണ്ടതെങ്കിലും ധ്യാനിക്കണമെന്നുള്ളതു ദണ്ഡവിമോചനങ്ങൾ ലഭിക്കുന്നതിനു നിർബന്ധമല്ല. മൂന്നാംസഭക്കാർ ഈ ജപമാല ചൊല്ലുമ്പോഴൊക്കെയും പൂർണ്ണദണ്ഡവിമോചനം പ്രാപിപ്പാൻ പാടുള്ളതാകുന്നു.

## വി. കൊച്ചുത്രേസ്യായുടെ തിരുനാൾ.

കൊച്ചുത്രേസ്യായുടെ മരണദിവസമായ സെപ്റ്റമ്പർ 30-ാംതീയതിയാണല്ലോ പ്രസ്തുത വിശുദ്ധയുടെ തിരുനാൾ കൊണ്ടാടുന്നതിനു തിരുസഭ നിശ്ചയിച്ചിരിക്കുന്നതു്. വിശുദ്ധയെന്നു നാമകരണം ചെയ്യപ്പെട്ടശേഷം ആദ്യമായി വന്നെത്തുന്ന 'ചെറുകുസുമ'ത്തിൻെറ ഈ തിരുനാളവസരത്തിൽ "കർമ്മലകുസുമം" അതിൻെറ വായനക്കാർക്കെല്ലാവർക്കും ശോഭനമായ തിരുനാൾമംഗളം ആശംസിച്ചുകൊള്ളുന്നു.

## വൈദ്യവിഷയം.

ഒരു കോപ്പ ചായയിലും കാപ്പിയിലുമുള്ള വിഷദ്രവ്യം തനിച്ചെടുത്തു പെരുമാറിയാൽ ഒരുവനെ അല്പം ബോധരഹിതനാക്കിത്തീർക്കുന്നതിന് അതു മതിയാകും.

ഒരു കോപ്പ മൂത്രത്തിൽ കാണുന്ന യൂറിക്ക് ആസിഡ് എന്ന വിഷത്തെക്കാളധികം വിഷം ഒരുകോപ്പ കാപ്പിയിൽ കാണാമെന്നു ഒരു വലിയ വൈദ്യശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടിരിക്കുന്നു.

ചായയും കാപ്പിയും ഒരുപോലെ ദോഷകരങ്ങളാണ്. ഇവയിൽ നിന്നുണ്ടാകുന്ന വിഷം നമ്മുടെ ഉദരത്തിൽ അമ്ളപ്രധാനവസ്തുക്കളെ ജനിപ്പിക്കയാണു ചെയ്യുന്നതു്.

"ധന്വന്തരി"

# വേദപുസ്തക പാരായണം.

ദൈവവചനം കേൾക്കുന്നവരുടെമേൽ നമ്മുടെ കൎത്താവീശോമ്ശിഹായിക്കുള്ള സ്നേഹവും, ദൈവവചനം അനുസരിച്ചു ജീവിക്കുന്നവൎക്കുള്ള ഭാഗ്യവും താഴെവരുന്ന വേദവാക്യങ്ങൾ സ്പഷ്ടമായി കാണിക്കുന്നു:

വി. മത്തായിയുടെ സുവിശേഷം 12-ാം അദ്ധ്യായത്തിൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. "താൻ ജനങ്ങളോടു പറഞ്ഞുകൊണ്ടിരിക്കയിൽ, തന്റെ അമ്മയും സഹോദരന്മാരും വന്നു് പുറത്തു നില്ക്കയും തന്നോടു സംസാരിപ്പാൻ ആഗ്രഹിക്കയും ചെയ്തിരുന്നു. ഇതാ നിന്റെ അമ്മയും നിന്റെ സഹോദരന്മാരും പുറത്തു നിൽക്കുന്നു, നിന്നോടു സംസാരിപ്പാൻ ആഗ്രഹിക്കുന്നു എന്നു ഒരാൾ തന്നോടു പറഞ്ഞു. എന്നാൽ താൻ ആ പറഞ്ഞ ആളോടു ഉത്തരമായി "എന്റെ അമ്മ ആരു, എന്റെ സഹോദരന്മാർ ആരു?" എന്നു പറഞ്ഞു. തന്റെ കൈ തന്റെ ശിഷ്യരുടെ പക്കലോട്ടു ചൂണ്ടിക്കൊണ്ടു "ഇതാ എന്റെ അമ്മ, ഇതാ എന്റെ സഹോദരന്മാർ" എന്നു പറകയും ചെയ്തു. എന്നാൽ ആകാശത്തിലിരിക്കുന്ന എന്റെ പിതാവിന്റെ മനസ്സിനെ നിറവേറ്റുന്നവരൊക്കെ എന്റെ സഹോദരന്മാരും എന്റെ സഹോദരികളും, എന്റെ അമ്മയുമാകുന്നു." (Math. XII. 46. 50.) ഈ തിരുവചനങ്ങൾക്കു അനുരൂപമായി വി. ലൂക്കായുടെ സുവിശേഷം 11-ാം അദ്ധ്യായത്തിൽ ഇപ്രകാരം പറയപ്പെട്ടുന്നു. "താൻ ഇതുകളെ പറഞ്ഞുകൊണ്ടിരിക്കയിൽ, ആ കൂട്ടത്തിൽനിന്നു ഒരു സ്ത്രീ സ്വരം ഉയൎത്തി പറഞ്ഞതാവിതു: നിന്നെ ധരിച്ച ഉദരവും നിന്നെ കുടിപ്പിച്ച മുലകളും ഭാഗ്യപ്പെട്ടവയാകുന്നു. താൻ അവളോടു: ദൈവവചനം കേൾക്കയും അതിനെ അനുസരിക്കയും ചെയ്യുന്നവർ ഭാഗ്യം എന്നു പറഞ്ഞു." (Luc. XI. 27. 28)

## വിവരണം.

നാം ദൈവവചനം കേൾക്കുന്നതു്, ദൈവനാമത്തിലും അങ്ങേ ആജ്ഞാനുസരണത്തിലും നടത്തപ്പെടുന്ന വേദപ്രസംഗങ്ങളെ കേൾക്കുമ്പോഴും, വൈദിക ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധീകരിക്കപ്പെടുന്ന വേദപുസ്തകം ആദിയായ ജ്ഞാനഗ്രന്ഥങ്ങൾ വായിക്കുമ്പോഴും, ദൈവനാമത്തിൽ നമ്മേ ഭരിക്കുന്നവരുടെ കല്പനകളെ കേൾക്കുമ്പോഴുമാകുന്നു. അപ്രകാരംതന്നെ ദൈവം നമ്മുടെ മനസാക്ഷിയിൽ തോന്നിക്കുന്ന നല്ല വിചാരങ്ങളെ സ്വീകരിക്കുന്നതും ദൈവവചനം കേൾക്കുന്നതുപോലെതന്നെ ആകുന്നു. നമ്മുടെ കൎത്താവീശോമ്ശിഹാ തന്റെ അമ്മയേയും രക്തസംബന്ധികളായ സഹോദരന്മാരെയും എപ്രകാരം സ്നേഹിച്ചിരുന്നോ, അപ്രകാരംതന്നെ ദൈവവചനം കേൾക്കുന്നവരെയും സ്നേഹിക്കുന്നുവെന്നു പ്രസ്തുത വാക്യങ്ങൾ തെളിവായി കാണിക്കുന്നു. എന്നാൽ ദൈവവചനം കേട്ടതുകൊണ്ടുമാത്രം പൂൎണ്ണഫലം പ്രാപിക്കുന്നതല്ല. അതിനെ അനുസരിച്ചു ജീവിക്കയുംകൂടി വേണം. ഇങ്ങിനെയുള്ളവൎക്കു ഭാഗ്യമെന്നാണല്ലോ നമ്മുടെ കൎത്താവു അരുളിച്ചെയ്തിരിക്കുന്നതു. വിശേഷിച്ചും ദൈവവചനം കേൾക്കാതിരിക്കുന്നതും അതിനു മനസ്സില്ലാതിരിക്കുന്നതു മോശലക്ഷണമാകുന്നു. ഈ സംഗതിയെപ്പറ്റി നമ്മുടെ കൎത്താവീശോമ്ശിഹാ യൂദന്മാരോടു അരുളിച്ചെയ്ത വാക്യംതന്നെ നാം ഓൎമ്മിക്കുന്നതു നന്നായിരിക്കും. "ദൈവത്തിൽനിന്നുള്ളവൻ ദൈവത്തിന്റെ വചനങ്ങളെ കേൾക്കുന്നു; നിങ്ങൾ ദൈവത്തിൽനിന്നുള്ളവരല്ലാത്തതുകൊണ്ടത്രെ നിങ്ങൾ (അവയെ) കേൾക്കാതിരിക്കുന്നതു." (വി. യോഹന്നാൻ. VIII. 47.) പള്ളിയിൽ പോകുന്നതിനും പ്രസംഗം കേൾക്കുന്ന

തിനും മനസ്സില്ലാത്തവരും, വേദപുസ്തകവും ജ്ഞാനവായനയ്ക്കുതകുന്ന പുസ്തകങ്ങളും വായിപ്പാൻ താല്പര്യമില്ലാത്തവരും നമ്മുടെ കർത്താവിന്റെ ഈ വചനങ്ങളെ ഓർക്കേണ്ടതാണു.

ഫാദർ അലക്സാണ്ടർ, സി. ഡി.

## മൃതസരസ് അഥവാ ചാവുകടൽ.

സമുദ്രസംഗമം ഇല്ലായ്കയാൽ ബഹിർഗമനമാർഗ്ഗം ഇല്ലാത്ത യാതൊരു ജലാശയത്തിൽ ജോർദാൻ നദിയിലെ തുംഗതരംഗങ്ങൾ സങ്കേതം പ്രാപിക്കുന്നുവോ ആ ജലാശയത്തെയാണല്ലോ മൃതസരസ്സ് അഥവാ ചാവുകടൽ എന്നു നാം നാമകരണംചെയ്യുന്നത്.

ഒരുകാലത്തു 'ഭൌമ്യപറുദീസാ' പോലെ ഹൃദയാകർഷകങ്ങളായ പുഷ്പഫലങ്ങളെ ആവഹിക്കുന്ന വൃക്ഷലതാദികളാൽ നിബിഡീകൃതങ്ങളായ ഉദ്യാനങ്ങളോടുകൂടിയും, വെനീസ് പട്ടണം പോലെ അതിരമണീയമായും, ന്യൂയോർക്ക് പട്ടണംപോലെ ജനബാഹുല്യമുള്ളതായും ഇരുന്നിരുന്ന സോദോം, ഗൊമോറ, അദോമ, സെബോളം, സെഗോർ എന്നീ പട്ടണങ്ങൾ അഞ്ചും, നിർഭാഗ്യമേ! അവയുടെ അധഃപതനത്തിനായി ബാബിലോൺ പോലെ പാപാന്ധകാരത്താൽ തമഃപ്രായമാക്കപ്പെട്ടകനിമിത്തം ശാപഗ്രസ്തമായിത്തീർന്നതുകൊണ്ടു്, മനുഷ്യമൃഗാദി ജീവജാലങ്ങൾക്കുപോലും അപ്രാപ്യമായ ഒരു ജലാശയമായിത്തീർന്നിരിക്കുന്നതുകണ്ടാൽ ആരാണു അത്ഭുതപരതന്ത്രരാകാത്തതു്?

അന്തർഭാഗത്തിൽ ജീവനുള്ള ഒരേക മത്സ്യകീടത്തെയാവട്ടെ, ഉപരിഭാഗത്തു ഒരു ഓറ പടവിനേയാകട്ടെ വഹിക്കാത്തതും, ജലരാജാവായ സമുദ്രത്തിനു ഒരുതുള്ളി വെള്ളംപോലും കപ്പംകൊടുക്കാത്തതുംആയ ഈ ജലവിഭാഗത്തിനു് പല കാലഘട്ടങ്ങളിലായി നൽകപ്പെട്ടിട്ടുള്ള വിവിധ സംജ്ഞകൾതന്നെ ഇതിന്റെ പൂർവ്വചരിത്രത്തേയും പ്രകൃതിവിരുദ്ധതയേയും ഏതാണ്ടു അനുസ്മരിപ്പിക്കുന്നുണ്ടു്.

പടിഞ്ഞാറുള്ള മദ്ധ്യതരണിക്കടലിന്നു് കിഴക്കു കിടക്കുന്നതുകൊണ്ടു് പൌരസ്ത്യസമുദ്രമെന്നും, മണലാരണ്യത്താൽ പരിവൃതമായതുകൊണ്ടു മരുഭൂമിയിലെ സമുദ്രമെന്നും, നാലുപാടും വിജനപ്രദേശമാകകൊണ്ടു ഏകാന്തസമുദ്രമെന്നും, 'സോദോം' തുടങ്ങിയുള്ള (Pentapolis) അഞ്ചു പട്ടണങ്ങളുടെ പൂർവ്വസ്ഥാനത്തു സ്ഥിതിചെയ്യുന്നതുകൊണ്ടു സോദോമക്കടൽ അഥവാ സിഡിംകടലെന്നും, ഇതിലെ ജലം അത്യധികം ഉപ്പു കലർന്നതാകയാൽ ലവണസമുദ്രമെന്നും, ഉപ്പിന്നു് എബ്രായഭാഷയിൽ 'ആസ്ഫാൽത്' എന്നു പേരാകയാൽ ആസ്ഫാൽത് തടാകമെന്നും, ജീവജാലങ്ങൾ യാതൊന്നും ഇതിൽ ഇല്ലാത്തതിനാൽ മൃതസരസ്സെന്നുംമറ്റും ഇതിനു പല പേരുകളും പറഞ്ഞുവരുന്നുണ്ടു്.

പലസ്തീനായുടെ തെക്കുകിഴക്കായിക്കിടക്കുന്ന ഈ തടാകത്തിനു് 47 നാഴിക നീളവും വിസ്താരം ഏറിയഭാഗത്തു പത്തുനാഴിക വീതിയും ആകെ 360 ചതുരശ്രനാഴിക വലിപ്പവുമുണ്ടു്. അഗാധം അധികമുള്ള വടക്കഭാഗത്തു 1310 അടി ആഴം കാണും. തെക്കുഭാഗം തീരെ ആഴം കുറഞ്ഞതാണു്. പല സ്ഥലങ്ങളിലും 13 അടിയിൽ അധികം കാണുകയില്ല. ഇതിലെ വെള്ളം അടുത്തുള്ള മദ്ധ്യധരണിക്കടലിലെ ജലനിരപ്പിൽനിന്നും 1292 അടി കീഴായിട്ടാണു കിടക്കുന്നതു് എന്ന ഈ ഒരു സംഗതിതന്നെ, ലോകത്തിലുള്ള ഇതര ജലാശയങ്ങളെ അപേക്ഷിച്ചു് ഇതിനുള്ള പ്രത്യേകതയെ സവിശേഷം പ്രത്യക്ഷപ്പെടുത്തുന്നുണ്ടല്ലോ.

പ്രതിദിനം ഏറെക്കുറെ 6,50,000 ടൺ ജലം ജോർദാനും മററു നദികളുമായി ഇതിൽ സംഭരിച്ചുവരുന്നു. വിശിഷ്യ വേനൽക്കാലങ്ങളിൽ ലിബാൻപർവ്വത വൻശിഖരങ്ങളിലെ ഹിമസംഹിതകൾ ഉരുകിപ്പുറപ്പെടുന്ന ജലപ്രവാഹത്താൽ ഇതിൽ നിക്ഷേപിക്കപ്പെടുന്ന വെള്ളത്തിൻെറ കണക്കു നിശ്ചയിപ്പാൻ അസാദ്ധ്യം. ഈ തടാകത്തിൽനിന്നു സമുദ്രത്തിലേക്കു വെള്ളം കടത്തിവിടുന്നതിനു തോടുകളോ പുഴകളോ ഒന്നുംതന്നെ ഇല്ലാതിരുന്നിട്ടും ഗണനീയമായ ജലവർദ്ധന ഒരിക്കലും ഇതിൽ ഉണ്ടായിക്കാണാത്തതു് തീക്ഷ്ണതമങ്ങളായ അരുണകിരണങ്ങളുടെ ഉന്മേഷവൃത്തി നിമിത്തമാണെന്നു ഊഹിക്കാൻ പാടുണ്ടെങ്കിലും, ഭൂഗർഭശാസ്ത്രജ്ഞന്മാരും ദീർഘാവലോകനബുദ്ധികളുമായ പണ്ഡിതപ്രവരന്മാർ ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നതു് അദൃശ്യമായ ഏതോ ഒരു അന്തർസംഗമമാർഗ്ഗം ഇതിന്നു് സമുദ്രവുമായി ഉണ്ടായിരിക്കേണമെന്നാണു്.

ഇതിൽ അലിഞ്ഞുചേർന്നിട്ടുള്ള ലവണവർഗ്ഗങ്ങളുടെ ബഹുലതയാൽ ഇതിലെ ജലം വളരെ ഘനമുള്ളതാകുന്നു. തൻമൂലം സാധാരണമായി വെള്ളത്തിൽ ആണ്ടുപോകുന്ന പല പദാർത്ഥങ്ങളും ഇതിൽ പൊന്തിനിൽക്കും. മനുഷ്യശരീരവും അദ്ഭുതപൂർവ്വമായ ഈ സരോജലത്തിൽ ആണ്ടുപോകാത്തതിനാൽ ഏതൊരാൾക്കും താൻ വെള്ളത്തിൽ മുങ്ങിച്ചാകുമോ എന്ന ഭയലേശംകൂടാതെ ഇതിൽഏതെങ്കിലും അഭ്യാസങ്ങൾ ചെയ്യാവുന്നതാണെന്നു പറയപ്പെടുന്നു. മത്സ്യങ്ങൾക്കുതന്നെ എത്രകണ്ടു പണിപ്പെട്ടാലും ദീർഘസമയം ഇതിലെ വെള്ളത്തിന്നടിയിൽ ഇരിക്കാൻ സാധിക്കുന്നതല്ല. നദീമാർഗ്ഗമായി വരുന്ന ജലത്തിലുള്ള മത്സ്യവൃന്ദങ്ങൾ എല്ലാം മൃതസരസ്സിനെ പ്രാപിച്ചാൽ അല്പനേരത്തിനുള്ളിൽ ചത്തു പൊങ്ങും. ഇവയെ ഭക്ഷിക്കുന്നതിന്നൽസുകരായ ഒരുക്കൂട്ടം കടല്ക്കാക്കയേപ്പോലുള്ള പക്ഷികൾ അക്ഷീണം അങ്ങുമിങ്ങും പറന്നുനടക്കുന്നതു ഇവിടെ പലപ്പോഴും കാണാം. ആകയാൽ മൃതസരസ്സിൻെറ മേൽഭാഗത്തുകൂടെ പക്ഷികൾ പറന്നാൽ ചത്തുവീഴുമെന്നുള്ള ഐതിഹ്യം ഒട്ടും വാസ്തവമല്ല.

"ഇവനെ മൃതസരസ്സിൽ സ്നാനം ചെയ്യിപ്പിക്കണം" എന്നതു, മൌഢ്യം പ്രലപിക്കുന്നവരേക്കുറിച്ചു തദ്ദേശവാസികളുടെ ഇടയിൽ നടപ്പുള്ള ഒരു പഴഞ്ചൊല്ലാണു്.

മൃതസരസ്സിൻെറ പാർശ്വപ്രദേശങ്ങളിൽ പലപ്പോഴും കാണാറുള്ള വിഭൂതിപ്പുഴം യഥാർത്ഥത്തിൽ "ഹേസൽകചിസ്റ്റു്", (Hasselquist) എന്ന ചരിത്രകാരൻ അഭിപ്രായപ്പെടുന്നതുപോലെ "സൊലാനുമെലോൻജേന" എന്നു പറയുന്ന കൽപ്പുഴം അല്ല. ലവണഗന്ധകസമ്മിശ്രമായ ആ അത്യുഷ്ണമണലിൽ കുടികൊള്ളുന്നഒരുവകപുഴുക്കളുടെകൃത്രിമപ്പുഴമാണു് അതു്. ഇവറ്റുള്ളിൽ ആ പുഴുക്കളുടെ ബലമേറിയ ദന്തങ്ങൾ കൊണ്ടു് അരിച്ചുണ്ടാക്കുന്ന ഒരുതരം മാർദ്ദവമായ പൊടിയും, പുറത്തു അവയുടെവായിൽനിന്നു പുറപ്പെടുന്ന പശിമയുള്ള വെള്ളംചേർത്തുണ്ടാക്കുന്ന ഒരു വക ഉറപ്പുള്ള പാടയും ആകുന്നു.

ഇപ്രകാരം മനുഷ്യപാപത്തിന്നുള്ള ഭയങ്കരശിക്ഷയുടെ ഒരു പ്രത്യക്ഷലക്ഷ്യമായി ശേഷിച്ചിരിക്കുന്ന ഈ മൃതസരസ്സു് നമുക്കു പലപ്പോഴും ധ്യാനവിഷയമായിത്തീരാവുന്ന ഒന്നാണെന്നുള്ളതിനു രണ്ടുപക്ഷമില്ല.

ഫാദർപീററർ പുത്തൻപുരയ്ക്കൽ,
അലപ്പുഴ.

---

# സച്ചിന്താവലി.

ക്ഷീണിച്ചിടാതെ ജനിതാവിൽ വണക്കമേററം
കാണിച്ചിടുന്നവരപൂരുഷനന്ത്യകാലം
പ്രീണിച്ചുമക്ഷതനജാവലി തന്നിടലററം
കാണിച്ചുമില്ലൊരു വിഘാതമിതിന്നു സൂനോ?

*

കര്‍ത്താവിലുററഭയമുള്ളൊരു മര്‍ത്ത്യനാരോ
തീര്‍ത്താനരന്നു ജനിതാക്കളിലുണ്ടുമാനം
പാര്‍ത്താരിലേവമുരുവാക്കിയതാംജനം പേ-
ര്‍ത്തേത്താദരേണ പരികര്‍മ്മമവര്‍ക്കുചെയ്യും.

കൊണ്ടാടിടേണ്ട ജനിതാപിതരുള്ളും വരത്താ-
ലുണ്ടായ്വരുന്നു, വളരുന്നിതു പുത്രഗേഹം
കണ്ടാലുമമ്മയുരചെയ്യൊരു ശാപവാക്കാല്‍
രണ്ടായ്പിളര്‍ന്നതകരുന്നുടനസ്ഥിവാരം.

താഴന്നു വല്ലൊരവമാനവുമുത്ഭവിച്ചാല്‍
ചേതസ്സിലിന്‍പമൊരു കിഞ്ചനതേടൊലാനീ
ചേതംഭവിച്ചുജനകന്‍റെ യശസ്സിനെന്നാല്‍
ജാതന്‍ തനൂജനുമതിന്നൊരു ഭാഗഭാക്കാം.

വൃദ്ധതപേമന്നതവ താതനെ വേണ്ടവണ്ണം
ബുദ്ധ! പ്രമോദമൊടുതാങ്ങുക ജാതവേഗം
ശുദ്ധപ്രസാദമുളവാക്കുക ജീവകാല
ബദ്ധപ്പെടേണമതിനായുമനല്പമെന്നും.

ശ്രദ്ധിച്ചുകേള്‍ക്ക സുമതേ! ജനകന്നൊരല്പം
ബുദ്ധിക്കുമന്ദതഭവിച്ചിതൊട്ടുക്കമെന്നാല്‍
ക്രുദ്ധിച്ചിടാതതു സഹിക്കു; ധരിക്കു സാക്ഷാല്‍
സിദ്ധിച്ചിടും ഫലമതിന്നു നിനക്കമൂല്യം.

കത്തുന്നവഹ്നി നിതരാം സലിലംചൊരിഞ്ഞാ-
ലുത്തുംഗഭക്ത! കെടുമക്ഷണമെന്നതുനാം
മെത്തുന്നകല്മഷമടുത്തതു നിന്നെ വെല്ലാ-
നെത്തുന്നതിന്നൊരുനിവാരണമാണുധര്‍മ്മം.

ദാനങ്ങള്‍ ചെയ്യുക ദരിദ്രജനത്തിനായ് നീ
യാനന്ദമോടുമഖിലേശപരചിന്തയോടും
ദീനന്‍റെരോദനമഹോ തടയാന്‍ സുബുദ്ധി-
ഹീനന്‍റെ മട്ടു ചെവിമാററരുതല്പമാര്യും.

ആകേണമാശ്രയമനാഥനതാതനെപ്പോ-
ലേകേണമങ്ങുതുണഭര്‍ത്തൃവിഹീനകള്‍ക്കും
നാകേശനിഷ്ടസുതനാമതിനാലെനീ, സ്വര്‍-
ല്ലോകേ സമസ്തസുഖവും പരിലബ്ധമാകും.

ഏതുംനിനക്കധൃതിവേണ്ട വചസ്സിലെന്നാ-
ലോതുംപടിക്കു ശരിയായതു ചെയ്കവേഗം
ഹേ! തുംഗഭക്തസമനായധികാരഭാവാല്‍
നീതുന്നതാക്കൊല വിധേയരെയേകവീട്ടില്‍.

ക. നി മൃ. സ. മാണിക്കത്തനാര്‍.

## "നിന്‍റെ യജമാനന്‍റെപിന്നാലെ വാ"

(ഒരു യഥാര്‍ത്ഥ സംഭവം.)

മരിക്കാറായിക്കിടന്നിരുന്ന ഒരു രോഗിക്കു കൊടുപ്പാന്‍ ഒരു മിഷ്യനറിപ്പട്ടക്കാരന്‍ കുര്‍ബാന എഴുന്നള്ളിച്ച് ഒരു വങ്കാട്ടില്‍ക്കൂടി കൊണ്ടുപോയപ്പോള്‍ ഭയങ്കരനായ ഒരു ബങ്കാള്‍കടുവാ അദ്ദേഹത്തെ എതിരിടുകയും, "നിന്‍റെ യജമാനന്‍റെ പിന്നാലെ വാ" എന്നു അതിനോടു കല്പിച്ചതനുസരിച്ചു കടുവാ അദ്ദേഹത്തെ പിന്‍തുടന്നു പോകയും ചെയ്ത ഒരു കഥയാണ് താഴെ ചേര്‍ക്കുന്നതു്. ഈ കഥ കുംഭകോണത്തുള്ള സിസ്റ്റര്‍ ഫ്രാന്‍സെസ് സി. എം. എം. ഐ. എന്നകന്യാസ്ത്രീ "The Sentinel of the Blessed Sacrament" എന്ന അമേരിക്കന്‍ മാസികയുടെ ഇക്കഴിഞ്ഞ മാര്‍ച്ചുമാസത്തിലെ ലക്കത്തിലേക്കെഴുതിയയച്ച് അതില്‍ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. "ദിവ്യകാരുണ്യ ആരാധനാസഖ്യം" എന്ന സ്ഥാപനത്തിന്‍റെ പല ശാഖകളും ഇന്‍ഡ്യയില്‍ സ്ഥാപിച്ച റവ. മദര്‍ മേരി ഗര്‍ററൂഡ് എന്ന കന്യാസ്ത്രീയോടു കഥയില്‍ പറഞ്ഞിട്ടുള്ള വൃദ്ധനായ ആ ഫ്രെഞ്ചുമിഷ്യനറി തന്നെയാണ് കഥയിലെ സംഭവങ്ങള്‍ പറഞ്ഞിട്ടുള്ളതെന്നു ലേഖനത്തില്‍ പ്രസ്താവിച്ചിട്ടുണ്ടു്.

ഇന്ത്യയിലെ വടക്കേ ഭാഗങ്ങളിലുള്ള ഒരു പ്രദേശത്തു ഉഷ്ണമേറിയ ഒരു രാത്രിയില്‍ ആ ദിവസത്തെ പ്രയത്നങ്ങളെല്ലാം ചെയ്തുകഴിഞ്ഞശേഷം ഒരു മിഷ്യനറിപ്പട്ടക്കാരന്‍ കിടന്നുറങ്ങുവാന്‍ തുടങ്ങുകയായിരുന്നു. അല്പം ഉറങ്ങിയപ്പോഴേക്കും അകലെയുള്ള ഒരു ഗ്രാമത്തില്‍നിന്നു അദ്ദേഹത്തിന്‍റെ ഇ

ടവകക്കാരിലൊരുവൻ വന്നു് തന്നെ വിളിച്ചുണർത്തി, ഒരാൾ മരിക്കാറായിക്കിടക്കുന്നുണ്ടെന്നും, അയാൾക്കു പിറേറദിവസം അന്ത്യക്രൂദാശകൾ കൊടുക്കണമെന്നും പറഞ്ഞു. ഈ ദൂതൻ അടുത്ത ഒരു പട്ടണത്തിലേക്കു പോകുംവഴിക്കു ഈ രോഗിയുടെ സ്ഥിതി അറിഞ്ഞു പട്ടക്കാരനെ വിവരം ഗ്രഹിപ്പിപ്പാൻ പ്രതിജ്ഞ ചെയ്തിട്ടുണ്ടായിരുന്നു. "അച്ചാ, അയാൾക്കു രോഗം കുറെ ക്രൂരതലാണ്. എങ്കിലും ഒന്നു രണ്ടു ദിവസം കൂടി കിടക്കുമെന്നു തോന്നുന്നു. ഏതായാലും അച്ചൻ ഇന്നു പോകരുതു്. എന്തുകൊണ്ടെന്നാൽ ആ സ്ഥലത്തേക്കുള്ള വഴിയിൽ ഒരു വൻകാടും അതിൽ അനേകം ക്രൂരമൃഗങ്ങളുമുള്ളതു് അവിടേക്കറിയാമല്ലൊ" എന്നു ആ ദൂതൻ ഉണർത്തിച്ചു്, അവിടെനിന്നു പോയി. ഈ വൃത്താന്തം കേട്ടു്, മരിക്കാൻപോകുന്ന മനുഷ്യന്റെനേരെ ആ പട്ടക്കാരനു അത്യന്തം ദയതോന്നുകയും അയാൾക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്തു. നല്ല ഉറക്കമില്ലാതെ ഒരു കണക്കിനു നേരംവെളുപ്പിച്ചു. ഉടനെ അദ്ദേഹം ദിവ്യപൂജ അർപ്പിച്ചശേഷം വിശുദ്ധ കുർബാന അരുളിക്കയിൽവെച്ചു് ആ രോഗിയുടെ അടുക്കലേക്കു ബദ്ധപ്പെട്ടുപോയി. തന്റെ നെഞ്ചിൽ വെച്ചുകൊണ്ടുപോയിരുന്ന കർത്താവിനോടുള്ള പ്രാർത്ഥനയിൽ അദ്ദേഹം നിമഗ്നനായി ഭയലേശംകൂടാതെ നടക്കയായിരുന്നു. കുറേകഴിഞ്ഞപ്പോഴേക്കും ദൂതൻപറഞ്ഞിരുന്ന വനത്തിൽ എത്തി. ഉഷ്ണഭൂമികളിൽവളരുന്ന അനേകവിധം കാട്ടുമുളകളും, വൃക്ഷങ്ങളും, വള്ളികളും, ചെടികളും, പൊക്കമേറിയ പുല്ലുകളുംകൊണ്ടു് ആ വനം ഭയങ്കരമായിരുന്നു; എങ്കിലും ആ പട്ടക്കാരൻ അവയെയാകട്ടേ, താൻ കണ്ടു വിസ്മയിക്കാറുള്ള മനോജ്ഞങ്ങളായ പുഷ്പവല്ലി തോരണങ്ങളേയാകട്ടേ, അശേഷം വകവെക്കാതെ നടന്നുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ വിചാരങ്ങളെല്ലാം ഭക്തിപൂർവ്വം താൻ വഹിച്ചിരുന്ന സാക്ഷാൽ ദൈവത്തോടുകൂടെയായിരുന്നു.

ഉടനെ അദ്ദേഹത്തിന്റെ വഴിയിൽ ഘോരനായ ഒരു ബങ്കാൾ കടുവാ ചാടിവന്നുനിന്നു. ഇതുകണ്ടു് ഒരു നിമേഷം നേരത്തേക്കു അദ്ദേഹം പിന്മാറി, ഹൃദയംതുടിച്ചു് വ്യസനാക്രാന്തനായിനിന്നു. ഭീമശരീരനായ ആ മൃഗം തന്നെ കൊന്നുകളയുമെന്നും, ആ ആപത്തിൽനിന്നു രക്ഷപെടുവാൻ അസാദ്ധ്യമാണെന്നും തീർച്ചയാക്കി. എങ്കിലും ഒരു ക്ഷണംകൊണ്ടു അദ്ദേഹം അത്യന്ത സ്നേഹത്തോടുകൂടെ വഹിച്ചുകൊണ്ടുപോകുന്ന ലോകസ്രഷ്ടാവിനെ സ്മരിച്ചു്, എരിവുള്ള വിശ്വാസത്തോടുകൂടെ ധീരനായ ആ പട്ടക്കാരൻ "നിന്റെ യജമാനന്റെ പിന്നാലെ വാ" എന്നു ഉച്ചത്തിൽ വിളിച്ചുപറഞ്ഞു്, അപ്രകാരം ചെയ്വാൻ ആ മൃഗത്തോടു കല്പിക്കുന്നവിധം കൈകൊണ്ടു ആംഗ്യംകാണിച്ചു. തൽക്ഷണം ആ ക്രൂരമൃഗം അല്പം പിന്നോക്കം മാറി. അനന്തരം അതു് വിശുദ്ധ ഓസ്തിയുടെ പിന്നിലായിനിന്നു് സാവധാനം നടന്നുതുടങ്ങി. വിശ്വാസദാർഢ്യമുള്ള ആ മിഷ്യനറി യാത്ര തുടരുകയും ചെയ്തു.

അദ്ദേഹം പോകുംവഴിക്കു കാട്ടുമൃഗങ്ങളിൽനിന്നു പുറപ്പെടുന്ന ദുർഗ്ഗന്ധം പ്രഭാതത്തിലെ കാററൂതി അദ്ദേഹത്തിനു കൊള്ളുകയും, വ്യാഘ്രം അടുത്തുമുട്ടി പിൻതുടർന്നിരുന്നതിനാൽ അതിന്റെ തല അദ്ദേഹത്തിന്റെ ദേഹത്തു ഇടക്കിടെ തൊട്ടുകൊണ്ടിരിക്കയും ചെയ്തു. ഒടുവിൽ ആ പട്ടക്കാരൻ രോഗിയുടെ ഗൃഹത്തിൽ എത്തി അതിൽ പ്രവേശിച്ചതുവരെ കടുവായും തന്റെ കൂടെനടന്നുചെന്നു. മിഷ്യനറി രോഗിക്കു അന്ത്യക്രൂദാശകൾ കൊടുത്തു വീട്ടിനു പുറത്തുവന്നപ്പോൾ കടുവായെ കണ്ടില്ല. അതു അതിന്റെ ഗുഹയിലേക്കു മടങ്ങിപ്പോയി. പട്ടക്കാരനോ എന്നാൽ, ഭയങ്കരമായ കടുമരണത്തിൽനിന്നു തന്റെ ജീവനെ രക്ഷിച്ച ദൈവത്തിനു സ്തോത്രംചൊല്ലി മടങ്ങിപ്പോകയും ചെയ്തു.

കുർബാനയിൽ വസ്തുഭേദമുണ്ടെന്നു വിശ്വസിക്കാത്തവരായ ലൂഥേറിന്റെയും എട്ടാം ഹെൻറിയുടേയും മതം അനുയാനം ചെയ്തുകൊണ്ടിരിക്കുന്ന അ

ത്രുത്യന്മാരായ ക്രിസ്ത്യൻ സഹോദരന്മാക്ക് മേൽപ്പറഞ്ഞ കഥയെ ഒരു പാരിതോഷികമായി നൽകട്ടെ. ഏകദേശം ൧൧൦ വഷങ്ങൾക്കുമുമ്പു ബേക്കർ, ഫെൻ, ബെയിലി എന്നീ പ്രോട്ടസ്റ്റന്റു മിഷ്യനറിമാർ ഈ നാട്ടിൽ കൊണ്ടുവന്നു പഠിപ്പിച്ച മതമാണ് ഇപ്പോഴും ഇവിടെ വെച്ചുകൊണ്ടിരിക്കുന്നതു്. ലോകത്തിന്റെ മറെറല്ലാ ഭാഗങ്ങളിലും അതിൽപിന്നെ കത്തോലിക്കാമതത്തോടടുക്കുന്ന അനേകമാററങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതു അത്രുത്യന്മാരായ പ്രോട്ടസ്റ്റൻറുസഹോദരന്മാർ അറിയുന്നുണ്ടോ ആവോ. ഈ ഭേദങ്ങൾക്കു പുറമേ കുർബാനയുടെ തിരുനാളും ഘോഷയാത്രയും വേണമെന്നു നിർബന്ധിക്കുന്ന ഒരു പ്രോട്ടസ്റ്റൻറുഗണം ഇംഗ്ലണ്ടിൽ ഉത്ഭവിച്ചിരിക്കുന്നു. ഫാദർ എന്ന ഉപസർഗ്ഗംപോലും ചില പ്രോട്ടസ്റ്റൻറു മിഷ്യനറിമാർ സ്വീകരിക്കാറായി! പർവ്വതശൃംഗങ്ങളിൽ ഉത്ഭവിക്കുന്ന നദീജലമായാലും അതു ഒടുവിൽ സമുദ്രത്തിലല്ലാതെ എവിടെ ചെന്നു പതിക്കും?

സി. അന്തപ്പായി ബി. ഏ.

## വ്യാകുലമാതാവിൻ നന്മരണ സഭ.

സത്യവിശ്വാസികളുടെ നാനാപ്രകാരത്തിലുള്ള പ്രയോജനത്തിനു ഉപകരിക്കത്തക്ക നിലയിൽ കത്തോലിക്കാ തിരുസഭയിൽ വിവിധ തരത്തിലുള്ള സഭകളും സഖ്യങ്ങളും സ്ഥാപിച്ചു നടത്തപ്പെട്ടുവരുന്നുണ്ടു്. ഓരോന്നും ഓരോ പ്രത്യേക ഉദ്ദേശത്തോടു കൂടെയാണ് നടത്തപ്പെടുന്നതു്. ഇപ്രകാരം വ്യത്യസ്ഥങ്ങളായ ഓരോ പ്രത്യേക ആവശ്യങ്ങളെ നിർവ്വഹിക്കുന്നതിലേക്കു ചുമതലപ്പെട്ടവരായി ഓരോ പ്രത്യേകസംഘങ്ങളും സഭകളും ഉള്ളതിനാൽ അതാതു കാര്യങ്ങൾ എത്രയും ഊർജ്ജിതമായി നടന്നുപോരുന്നു. ഈ വിധത്തിൽ ൧൮൫൮-ൽ ഫ്രാൻസുരാജ്യത്തിൽ ആരംഭിച്ചതും, ഇപ്പോൾ ലോകത്തിന്റെ പല ഭാഗങ്ങളിലും ആത്മരക്ഷാത്ഥം ജോലി ചെയ്തുവരുന്നതുമായ "പരിശുദ്ധ മറിയത്തിന്റെ പുരോഹിതർ" (The Priests of Mary) എന്ന സഭയുടെ അംഗങ്ങൾക്കു പരിശുദ്ധ സിംഹാസനത്തിൽനിന്നും ഏല്പിച്ചുകൊടുത്തിട്ടുള്ള ഒരു ഭക്തസഖ്യമാണ് "വ്യാകുലമാതാവിൻ നന്മരണസഭ". പരിശുദ്ധ വ്യാകുലമാതാവിന്റെ നേക്കുള്ള ഭക്തി വിശ്വാസികളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനും, ആ വ്യാകുല അമ്മയുടെ മാദ്ധ്യസ്ഥം വഴിയായി അംഗങ്ങളെ നല്ലമരണത്തിനു തയാറാക്കുന്നതിനുമാണ് ഈ സഭയുടെ ഉദ്ദേശം. മേല്പറയപ്പെട്ട വൈദികസഭക്കാരുടെ നിരന്തരമായ പരിശ്രമത്താൽ വിശ്വാസികൾക്കു അത്യന്തം ആത്മീയപ്രയോജനമുള്ള ഈ സഖ്യം അചിരേണ ലോകത്തിൽ സവ്വത്ര പ്രചരിക്കയും, മാർപ്പാപ്പാമാർ, കർദ്ദിനാളന്മാർ, മെത്രാന്മാർ ആദിയായവർ ഇതിന്റെ അംഗങ്ങളായി ചേരുകയും, ഇതിനെ അംഗീകരിച്ചു് പ്രോത്സാഹിപ്പിക്കയും ചെയ്തിട്ടുള്ളതാകുന്നു.

പുണ്യശ്ലോകനായ പത്താംപീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് പ്രസ്തുത സഭാമേലദ്ധ്യക്ഷനു എഴുതിയിട്ടുള്ളതു് ശ്രദ്ധേയമായിരിക്കുന്നു:- "പരിശുദ്ധ പിതാവു ഈ സഭയെ ഹാർദ്ദമായി അംഗീകരിക്കുന്നതായി എല്ലായിടത്തും പ്രസിദ്ധപ്പെടുത്തിക്കൊൾക. ദിനംപ്രതി ഈ സഭയെ അധികമധികം പ്രചരിപ്പിക്കുന്നതിനും, ലോകം മുഴുവനും അതിനെ പരത്തുന്നതിനും നിങ്ങളുടെ സവ്വശ്രമങ്ങളും ഉപയോഗിക്കുക".

പതിനഞ്ചാം ബനദിക്തോസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഈ സഭ

യേപ്പററി ഇപ്രകാരം എഴുതിയിരിക്കുന്നു:– "ഈ നന്മരണസഭ വ്യാകുലമാതാവിൻെറ മാദ്ധ്യസ്ഥത്തിൽ ഏല്പിക്കപ്പെട്ടിരിക്കുന്നതു് നിശ്ചയമായും ദൈവപരിപാലനയുടെ നിശ്ചയത്താലാകുന്നു. ഈലോകജീവിതത്തിൽനിന്നു പുറപ്പെടാനുള്ള നേരത്തു വ്യാകുലജനനിയുടെ അനുഗ്രഹീതമായ സഹചരണം ഉള്ളവർക്കെന്താണു് ശരണപ്പെടാൻ പാടില്ലാത്തതു്? വിശ്വാസികളെല്ലാവരും ഈ സഭയിൽച്ചേർന്നു്, "ദൈവതിരുമുമ്പാകെവിലയേറിയതായ ഒരുമരണം" പ്രാപിപ്പാൻതക്കവണ്ണം തങ്ങളുടെ ജീവിതഗതിയെ ക്രമീകരിക്കുന്നതിലേക്കു സർവ്വശക്തനായ ദൈവം ഇതിനെ ധാരാളമായി ആശീർവ്വദിക്കുമാറാകട്ടെ!"

"മറിയത്തിൻെറ യഥാർത്ഥ ശുശ്രൂഷി നശിച്ചുപോകുന്നതല്ല" എന്നാണല്ലോ വി. അല്ഫോൻസ് ലിഗോരി ഉറപ്പു പറയുന്നതു്. എന്നാൽ തൻെറ വ്യാകുലതകളേക്കുറിച്ചുള്ള ഭക്തിയും സഹതാപവും തനിക്കു അത്യന്തം പ്രസാദിക്കുന്നതാണെന്നു് ദൈവജനനി തന്നെ അരുളിച്ചെയ്തിട്ടുണ്ടു്. ആകയാൽ വ്യാകുലമാതാവിൻെറ നന്മരണസഖ്യത്തിൽ ചേർന്നു്, തങ്ങളുടെ അന്ത്യനേരത്തേ ഈ അമ്മയുടെ മദ്ധ്യസ്ഥതയിൽ കയ്യാളിക്കുന്നവർക്കു് അനല്പമായ ആശ്വാസത്തിനു വഴിയുണ്ടെന്നുള്ളതു ചില്ലറസഹായമല്ല.

സഭാംഗങ്ങൾ അനുഷ്ഠിക്കേണ്ടതായിട്ടുള്ള വലിയ ചുമതലകളൊന്നും ഈ സഭയ്ക്കില്ലെന്നുള്ളതും പ്രത്യേകം പ്രസ്താവയോഗ്യമാണു്. സഭയിൽ ചേർന്നു് പേരെഴുതിക്കണമെന്നുള്ളതാണു് ഒന്നാമത്തെ ചുമതല. രണ്ടാമതായി കാലത്തും വൈകിട്ടും മൂന്നു നന്മനിറഞ്ഞമറിയവും, അതോടുകൂടെ "ഞങ്ങളുടെ നന്മരണനായികേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ" (300 ദി. ദ. വി.) എന്ന ജപവും ചൊല്ലണം. മൂന്നാമതായി ദിവസംതോറും കിടക്കുന്നതിനു മുമ്പു് ആത്മശോധന ചെയ്യുകയും, നിവൃത്തിയുണ്ടെങ്കിൽ മാസത്തിൻെറ ഒടുവിലത്തെ ഞായറാഴ്ചതോറും മരണത്തിനു ഒരുക്കമായിട്ടു് അല്പനേരംചെലവഴിക്കുകയുംചെയ്യേണ്ടതാകുന്നു. ഇതുകൂടാതെ സഭാംഗങ്ങളെല്ലാവരും വ്യാകുലമാതാവിൻെറ ഭക്തിയും നന്മരണസഭയും പാടുപോലെ പ്രചരിപ്പിക്കുന്നതിനു ശ്രമിക്കണം. എന്നാൽ മേൽപറയപ്പെട്ട ഭക്തകൃത്യങ്ങൾ ഒന്നുംതന്നെ മുടക്കിയതുകൊണ്ടു യാതൊരു കുററവും ഉണ്ടാകുന്നതല്ലെന്നുപ്രത്യേകം ധരിച്ചിരിക്കേണ്ടതാണു്.

സഭാംഗങ്ങൾക്കു പൂർണ്ണവും അപൂർണ്ണവുമായ അനവധി ദണ്ഡവിമോചനങ്ങൾ ലഭിക്കാൻ പാടുള്ളതിനു പുറമേ എല്ലാ ശനിയാഴ്ചയും, മാസാവസാനഞായറാഴ്ചയും സഭാംഗങ്ങൾക്കായി റോമയിൽ സമർപ്പിക്കപ്പെടുന്ന ദിവ്യപൂജകളിലും സഭക്കാരുടെ എല്ലാപ്രാർത്ഥനകളിലും ഭാഗം സിദ്ധിക്കുന്നതുമാകുന്നു. വൈദികരായ സഭാംഗങ്ങൾക്കു സ്വയവരപീഠം ആദിയായി പല അനുമതികൾ ഇതിനുപുറമേയും സിദ്ധിക്കുന്നതാണു്. പേരെഴുതിച്ചുകൊണ്ടു മാത്രം സഭാംഗമായിരുന്നാലും മേൽകാണിച്ച ആനുകൂല്യങ്ങളെല്ലാം പ്രാപിക്കാവുന്നതാണു്.

വിഖ്യാതനായ കാർഡിനൽ ഗിബൺസ് തിരുമനസ്സിലെ വാക്കുകൾ കൊണ്ടു് ഈ ലേഖനം അവസാനിപ്പിക്കുന്നു. "മരണനാഴിക നമ്മുടെ രക്ഷയുടെ നിർണ്ണായകനാഴികയാകുന്നു. ആകയാൽ 'നന്മരണനായിക' എന്ന നാമത്താൽ ഈ സഭക്കാർ വിളിക്കുന്ന പരിശുദ്ധ വ്യാകുലനാഥയുടെ മാതൃസംരക്ഷണയിൻകീഴ നമ്മുടെ മരണനേരം സമർപ്പിക്കുന്നതു് അത്യന്തം യുക്തമായിരിക്കുന്നു. തൻെറ സംരക്ഷണയിൽ ഏല്പിക്കുന്നവരെ നമ്മുടെപരിശുദ്ധഅമ്മ പ്രത്യേകവിധത്തിൽസഹായിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

ഫാദർ ഹില്ലാര്യോൻ സി. ഡി.

P. S:– ഈ സഭയിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ "റവ. ഫാദർ നിക്കൊലാവോസ് സി ഡി. കർമ്മലീത്താ ആശ്രമം– കുര്യനാട്ട്, കുറവിലങ്ങാട്" എന്ന മേൽവിലാസത്തിൽ മറുപടിയ്ക്കു സ്റ്റാമ്പുസഹിതം പേരയച്ചുകൊടുത്താൽ മുറപ്രകാരം പേരു ചേർത്തു് സാക്ഷിപത്രം അയച്ചുകൊടുക്കുന്നതാണു്.

ക. ക. പത്രാധിപർ.

# വിശുദ്ധ കൊച്ചുത്രേസ്യാ.

ഒന്നാം അദ്ധ്യായം. (തുടർച്ച.)

എന്റെ വേറൊരു ദുർഗ്ഗുണം നിഗളമായിരുന്നു. അതേക്കുറിച്ചു അമ്മ എഴുതുന്നില്ലെങ്കിലും രണ്ടുദാഹരണങ്ങൾ ഇവിടെ ചേർക്കാനുണ്ടു്. അമ്മ ഒരിക്കൽ എന്നോടു പറഞ്ഞു 'ത്രേസ്യാ; നീ നിലത്തു മുത്തുന്നപക്ഷം നിനക്കൊരു ബിസ്ക്കറ്റുകിട്ടും' എന്റെ നിഗളത്തെ പരീക്ഷിപ്പാനുദ്ദേശിച്ചതാണിതെന്നുള്ളതിനു സംശയമില്ല. ബിസ്ക്കറ്റൊന്നു ലഭിയ്ക്കുക നല്ലതുതന്നെ, എന്നാൽ അതിനായി ഈ പെൺകുഞ്ഞു നിലത്തു താണുവീണു തൊഴണമെന്നൊ? ആകയാൽ അഭിമാനത്തിനു ഹാനിതട്ടിയ മട്ടിൽ ഞാൻ പറഞ്ഞു 'ഇല്ല അമ്മെ, ബിസ്ക്കറ്റു വേണമെന്നേ ഇല്ല!'

വേറൊരിക്കൽ ഞങ്ങൾക്കു നാട്ടിൻപുറത്തുള്ള ചില സ്നേഹിതന്മാരെ കാണുന്നതിനു പോകേണ്ടയൊരാവശ്യം നേരിട്ടു. തദവസരത്തിൽ എന്നെ വസ്ത്രധരിപ്പിക്കുന്നതിനു മേരിയെയാണു നിശ്ചയിച്ചിരുന്നതു്. കൈക്കു നീളമില്ലാത്ത ഷർട്ടു് എനിക്കു തരരുതെന്നു ഞാൻ ഏർപ്പാടുചെയ്തിട്ടുണ്ടായിരുന്നു, ഞാൻ ഒന്നുംപറയാതെ എന്റെ പ്രായാനുസരണം ചെയ്യണ്ട മുറയനുസരിച്ചു എന്തെങ്കിലുമായിക്കൊള്ളട്ടെ എന്നു പുറമെ നടിച്ചെങ്കിലും എന്റെ ദിഗംബരങ്ങളായ ഭുജങ്ങൾ വെളിയിലായിരുന്നെങ്കിൽ എത്ര ഭംഗിയുള്ളവളായി ഞാൻ കാണപ്പെടുമായിരുന്നെന്നു വിചാരിച്ചിരുന്നു.

ഇപ്രകാരമുള്ള എന്റെ സ്വഭാവസ്ഥിതിക്കു സന്മാർഗ്ഗനിരതരായ മാതാപിതാക്കന്മാരാൽ വളർത്തപ്പെട്ടില്ലായിരുന്നെങ്കിൽ ഞാൻ നേർവഴിയിൽനിന്നു വളരെ അകന്നുപോകയും ഒരു പക്ഷേ എന്നന്നേയ്ക്കുമായി പൊയ്പോകയും ചെയ്യേനെ. എന്നാൽ ഈശോ തനിക്കു വാഗ്ദത്തം ചെയ്യപ്പെട്ടിരുന്ന കുഞ്ഞുമണവാട്ടിയെ കാത്തുസൂക്ഷിച്ചു; നേരത്തെ ദൂരീകരിക്കപ്പെട്ട അവളുടെ ഓരോ ദുർഗ്ഗുണങ്ങളും പുണ്യപൂർണ്ണതാലാഭത്തിനു ഹേതുവായിഭവിച്ചു. ആത്മാഭിമാനവും ഋജുബുദ്ധിത്വവും മൂലം ഒരിക്കൽ ഒരുകുറ്റം ചെയ്യരുതെന്നു പറഞ്ഞാൽ അതു ചെയ്യുന്നതിനു പിന്നിട്ടു ഞാൻ ഒരിയ്ക്കലും ആഗ്രഹിച്ചില്ല. ചുററിലുമുണ്ടായിരുന്ന സന്മാതൃകകളെ അനുകരിപ്പാൻ അതിവേഗം ഞാൻ ആരംഭിച്ചു. എന്റെ പ്രിയമാതാവിന്റെ കത്തുകൾ ഞാൻ അവൾക്കൊരു ആശ്വാസമാകാൻ തുടങ്ങിയിരിക്കുന്നു എന്നു കാണിക്കുന്നു. അമ്മ 1876-ൽ ഇപ്രകാരം എഴുതി.

'ത്രേസ്യാപോലും സ്വാർത്ഥപരിത്യാഗത്തിന്റെ മാർഗ്ഗത്തെ അവലംബിച്ചിരിക്കുന്നു. മേരി അനുജത്തിമാർക്കു പരിത്യാഗപ്രവൃത്തികൾ എണ്ണുന്നതിലേക്കുള്ള കൊന്തക്കുരു കോർത്തുകൊടുത്തിട്ടുണ്ടു്. അവർ ചിലപ്പോൾ വേദകാര്യങ്ങളെക്കുറിച്ചു നേരംപോക്കുള്ള ചില വാദപ്രതിവാദങ്ങളും നടത്തുന്നു. മ്ശിഹായ്ക്കു എങ്ങിനെ ഇത്രചെറിയ ഓസ്തിയിൽ ആയിരിക്കാൻ കഴിയും എന്നു സെലിൻ ചോദിച്ചതിനു ത്രേസ്യാ ഇപ്രകാരം ഉത്തരിച്ചു 'അതെപ്പററി അത്ഭുതപ്പെടണ്ടാ, ദൈവം സർവ്വശക്തനാകുന്നു, അതിന്റെ അർത്ഥമെന്തു്? തനിക്കു ഇഷ്ടമുള്ളതൊക്കെ ചെയ്വാൻകഴിയും എന്നല്ലെ!'

കൊച്ചുത്രേസ്യാ ദിവസത്തിലൊരു നൂറുപ്രാവശ്യം പോക്കററിൽ കൈ ഇട്ടു ഓരോ പരിത്യാഗപ്രവൃത്തിയ്ക്കും കൊന്തക്കുരു മാററുന്ന കാഴ്ച രസകരം തന്നെ. സെലിനും അവളും സദാ ഒരുമിച്ചാകുന്നു; മററു കൂട്ടു അവൾക്കു വേണമെന്നില്ല. പരിചാരക ത്രേസ്യായ്ക്കു ഒരു വെളുത്ത പൂവൻപാത്തയും പിടയും കൊണ്ടുവന്നുകൊടുത്തു. പൂവനെ

ഉടനെ അവൾ സഹോദരിയ്ക്കു കൊടുത്തു. എന്നും ഊണുകഴിഞ്ഞു അവൾ പോയി അവയെ പിടിയ്ക്കും, അടുപ്പിനരികെ പാത്തകളോടു കളിച്ചുകൊണ്ടു അവർ വളരെനേരം ഇരിക്കും. ഒരു പ്രഭാതത്തിൽ അവൾ സെലിന്റെ കിടക്കയിൽ ചെന്നിരുന്നു. വീട്ടുദാസി വസ്ത്രം ഉടുപ്പിക്കാൻ വന്നപ്പോൾ സഹോദരിയെ ആലിംഗനം ചെയ്തുകൊണ്ടു അടുത്തിരുന്നുപറഞ്ഞു 'ളൂയീസ്സാ, ഞാൻ ഇവിടെ ഇരുന്നോട്ടെ, നോക്കുക! ഞങ്ങൾ നമ്മുടെ ആ വെളുത്ത പാത്തകളെപ്പോലെ എപ്പൊഴും ഒരുമിച്ചാകുന്നു.'

സെലിൻ ഭക്ഷണം കഴിഞ്ഞെഴുന്നേററാലുടൻ അവളോടൊന്നിച്ചു പുറത്തേയ്ക്കു പോകുന്നതിലേയ്ക്കു പലഹാരംപോലും ഉപേക്ഷിപ്പാൻ എനിക്കു മടിയില്ലായിരുന്നു. അത്രഉത്സാഹമായിരുന്നു എനിക്കു അവളിൽ നിന്നകന്നിരിക്കുക; അവളോടൊരുമിച്ചു ഓടിപ്പോകുന്നതിനു ഉയരമുള്ള എന്റെ കസേര ചുററിച്ചു മാററി ഞാൻ താഴത്തേയ്ക്കു ഇറങ്ങുമായിരുന്നു.

ഇനിയും പള്ളിയിൽപ്പോവാൻ എനിക്കനുമതി ലഭിച്ചിരുന്നില്ല. അതുകയാൽ ഞായറാഴ്ചകളിൽ അമ്മ എന്നോടുകൂടി വീട്ടിൽതന്നെ കഴിച്ചുകൂട്ടി. കുർബാനയുടെ നേരത്തു ഞാൻ വളരെ നന്നായിറ്റ്യാപരിച്ചു. വിരൽസ്പർശിച്ചെ അങ്ങുമിങ്ങും നടന്നിരുന്നൊള്ളു. എന്നാൽ വാതൽ തുറക്കപ്പെട്ടപ്പോൾ 'സെലിൻ! എനിക്കു വാഴ്ത്തപ്പം; * എന്നു സന്തോഷഭരിതയായി അട്ടഹസിച്ചുകൊണ്ടു ഞാൻ ഓടിഎത്തും. ഒരുദിവസം അവളുടെ പക്കൽ ഒന്നും ഉണ്ടായിരുന്നില്ല. ഞാൻ എന്താണു ചെയ്യുക, എന്തുകൊണ്ടെന്നാൽ വാഴ്ത്തപ്പത്തിന്റെ കഷണത്തിനെയായിരുന്നു ഞാൻ കുർബാന എന്നു വിളിച്ചിരുന്നതു്. അങ്ങിനെ ഇരിക്കെ ഒരു പോംവഴി മനസ്സിൽ ഉദിച്ചു. ഞാൻ പറഞ്ഞു, സഹോദരി! വാഴ്ത്തപ്പമില്ലെങ്കിൽ നീ അതുണ്ടാക്കണം. അവൾ മേശതുറന്നു അല്പം അപ്പം കണ്ടിച്ചെടുത്തു് സഗൌരവം അതിന്മേൽ ഒരു 'നന്മനിറഞ്ഞമറിയം' ചൊല്ലി എനിയ്ക്കു നീട്ടിത്തന്നു. ഞാൻ കുരിശടയാളം വരച്ചുകൊണ്ടു വളരെ ഭക്തിപൂർവ്വം അതു ഭക്ഷിച്ചു. വാഴ്ത്തപ്പത്തിന്റെ രുചിതന്നെ അതിനുമുണ്ടായിരുന്നെന്നാണു എനിക്കു തോന്നുന്നതു്.

മരപ്പാവകൾകൊണ്ടു കളിക്കുന്ന പ്രായം, തന്നെ സംബന്ധിച്ചിടത്തോളം കഴിഞ്ഞിരിക്കുന്നുയെന്നു് ഈ സമയം കൊണ്ടു സ്വയം വിചാരിക്കാൻ തുടങ്ങിയ ലെയോനി ഒരുദിവസം ഒരു കൊട്ടനിറച്ചു് ചിത്രതുണികളുടെയും കസവുകരകളുടേയും മുകളിലായി അവളുടെ മരപ്പാവയും വച്ചു ഞങ്ങളുടെ പക്കൽ കൊണ്ടുവന്നു പറഞ്ഞു. "ഇതാ! കുട്ടികളെ കളിക്കോപ്പുകൾ, ഇഷ്ടമുള്ളതേതെങ്കിലും തെരഞ്ഞെടുത്തുകൊൾവിൻ." സെലിൻ ഒരു കസവുകരയുടെ കഷണം എടുത്തു. ഞാൻ അല്പം ആലോചിച്ചിട്ടു പൊടുന്നനവെ കൈകൾ നീട്ടി ഞാൻ എല്ലാം എടുക്കുന്നു' എന്നു പറഞ്ഞു മരപ്പാവയും കൊട്ടയും കൊണ്ടു സാവധാനം നടന്നുപോയി.

ഇതു എന്റെ ഭാവിജീവിതം മുഴുവന്റെയും ഒരു പൂർവ്വരൂപമായിരുന്നെന്നു കരുതുന്നു. വിശുദ്ധയാകുന്നതിനു വളരെയൊക്കെ ചെയ്യാനുണ്ടെന്നും എപ്പൊഴും പരിപൂർണ്ണതയ്ക്കായും തന്നെത്താൻ വിസ്മരിക്കുന്നതിനായും ശ്രമിച്ചുകൊണ്ടിരിയ്ക്കണമെന്നും നാം ദൈവത്തിന്റെ വരപ്രസാദത്തോടു സഹകരിക്കുന്നതിന്റെയും, ക്രീസ്തുവിന്റെ സ്നേഹത്തിനായി പ്രവർത്തിക്കുന്നതിന്റെയും, ഓറവാക്കായി പറഞ്ഞാൽ അദ്ദേഹം നമ്മോടാവശ്യപ്പെടുന്ന ത്യാഗങ്ങളെ അനുഷ്ഠിക്കുന്നതിന്റെയും കൂടുതൽ കുറവനുസരിച്ചു പുണ്യപൂർണ്ണതയിൽതന്നെ പദവികളുണ്ടെന്നും ക്രമേണ എനിയ്ക്കു ബോധ്യമായി. ഞാൻ ഹാർദ്ദമായി പറഞ്ഞു. ഓ! കർത്താവെ! ഞാൻ എല്ലാം തെരഞ്ഞെടുക്കുന്നു, ഒരു അല്പപരിശുദ്ധയാകാൻ ഞാനാഗ്രഹിക്കുന്നി

* ഫ്രാൻസ്സിൽ ചില പള്ളികളിൽ കുർബാന നേരത്തു അപ്പം വാഴ്ത്തികൊടുക്കുന്ന പതിവു് ഇപ്പൊഴുമുണ്ടു്.

ല്ല, ഞാൻ ഭയപ്പെടുന്നതു കഷ്ടപ്പാടല്ല, എന്റെ സ്വന്തമനസ്സാണു. അതിനെ എടുത്തുകൊള്ളണമെ. അവിടുന്നു ആഗ്രഹിക്കുന്നതെല്ലാം ഞാൻ സ്വീകരിക്കുന്നു.

അമ്മെ, ഞാൻ വീണ്ടും വിഷയം വിട്ടുപോയിരിക്കുന്നു. മൂന്നോനാലൊ വയസ്സുള്ള കൊച്ചുത്രേസ്യായ്ക്കു ഇപ്രകാരമുള്ള ചിന്തകളുണ്ടായിരുന്നില്ല.

ഏകദേശം ആകാലത്തു എനിക്കൊരു സ്വപ്നമുണ്ടായി. അതിനെ വ്യക്തമായി ഞാൻ ഓർമ്മിക്കുന്നു. തനിയെ ഏടുക്കുമ്പോൾ അതിനു വലിയ പ്രാധാന്യമൊന്നും കല്പിപ്പാനില്ലെങ്കിലും ദൈവാനുഗ്രഹത്തിലിരിക്കുന്ന ആത്മാക്കളൊക്കെ പിശാചിനെ— ഒരു കൊച്ചുകുട്ടിക്കുപോലും പറപ്പിക്കുവാൻ പാടുള്ള ആ ഭീരുവിനെ— എങ്ങിനെ വെറുക്കേണ്ടതാണെന്നു ആ സംഭവം എന്നെ മനസ്സിലാക്കി. ഞാൻ ഉദ്യാനത്തിൽക്കൂടി നടക്കുകയായിരുന്നു. പെട്ടന്നു വള്ളിക്കുടിലിനുസമീപം ഭയങ്കരങ്ങളായ രണ്ടു കുട്ടിച്ചാത്തന്മാരെ ഞാൻ കണ്ടു. അവ തുടലുകൾകൊണ്ടു ബന്ധിക്കപ്പെട്ടിരുന്നെങ്കിലും അവിടെയുണ്ടായിരുന്ന ഒരു വീപ്പക്കുഴലിന്മേൽ ത്വരിതഗതിയിൽ നൃത്തം ചെയ്തുകൊണ്ടിരുന്നു. അവ ആദ്യം എന്റെ നേർക്കു തുറിച്ചുനോക്കി, പിന്നീടു ഭയംകൊണ്ടെന്നപോലെ കുഴലിലേയ്ക്കു ചാടുകയും ഒരു പ്രകാരത്തിൽ മറെറ അഗ്രത്തിൽ പൊന്തിവരികയും ഒടുവിൽ അലക്കുമുറിയിൽ അന്തർദ്ധാനം ചെയ്കയും ഉണ്ടായി. അവ എന്നെ ഭയപ്പെട്ടു. ഞാൻ അവയെ അല്ല; ആകയാൽ അവ എന്തുചെയ്യു എന്നു കാണ്മാൻ കിളിവാതുക്കൽ എത്തി; അവയാകട്ടെ പുറത്തുപോകുന്നതിനായി അലക്കുമേശകളിന്മേൽ അങ്ങുമിങ്ങും ഓടുകയായിരുന്നു. ഒരിയ്ക്കൽ അവ ജനലുങ്കൽ വന്നു; എന്നാൽ എന്നെ അവിടെ ദർശിയ്ക്കയാൽ പരിഭ്രമത്തോടെ അങ്ങോട്ടുമിങ്ങോട്ടും പായുവാൻതുടങ്ങി.

ആകാലങ്ങളിൽ ഞാൻ വളരെ വളരെ ഭാഗ്യശാലിനി തന്നെയായിരുന്നു. ജീവിതത്തിന്റെയും നന്മയുടെയും ആനന്ദം എനിക്കു അനുഭവസിദ്ധമായിരുന്നു. ഇപ്പോഴത്തെപ്പോലെ തന്നെയായിരുന്നു എന്റെ മനോഗതവും അന്നു. ആത്മസംയമനം വളരെ എളുപ്പമായിരുന്നു. എന്റെതുവല്ലവരും എടുത്താൽ പിറുപിറുക്കാതിരിക്കുന്നതിനും അനീതിയായി ശാസിക്കപ്പെടുമ്പോൾ ഉത്തരിയ്ക്കാതിരിക്കുന്നതിനും ഞാൻ എന്നെത്തന്നെ പരിശീലിപ്പിച്ചിരുന്നു. എന്നാൽ അതൊന്നും എന്റെ യോഗ്യതകൊണ്ടല്ലായിരുന്നു. വെറും ഒരു സ്വാഭാവികാവേശം മാത്രമായിരുന്നു.

കുട്ടിപ്രായത്തിന്റെ പ്രഭാപൂരിതങ്ങളായ സംവത്സരങ്ങൾ അതിശീഘ്രം കടന്നുപോയി. എന്നാൽ എത്ര സുമാധുര്യങ്ങളായ സ്മരണകളെയാണു് അവ അവയ്ക്കുപിറകിൽ ശേഷിപ്പിച്ചിരിക്കുന്നതു. പ്രിയപ്പെട്ട അമ്മയോടുകൂടിയുള്ള ഞായറാഴ്ച നടപ്പുകൾ എത്ര സന്തോഷസംപൂർണ്ണങ്ങളായിരുന്നു. നീലവർണ്ണമായ ധാന്യമണികൾകൊണ്ടും കാനന ഖസഖസങ്ങൾകൊണ്ടും സൂര്യകാന്തി പുഷ്പങ്ങൾകൊണ്ടും ശോഭിച്ചിരുന്ന തോട്ടങ്ങളെ ദർശിയ്ക്കയിൽ എന്റെ കുഞ്ഞുഹൃദയം എത്ര അത്യഗാധമായ ആനന്ദാതിരേകത്താലാണു് നിറഞ്ഞു കവിഞ്ഞൊഴുകിയതു. ആകലെയുള്ള വിചിത്രമായ കാഴ്ച, മഹോന്നതങ്ങളായ വൃക്ഷങ്ങൾ, ഒററവാക്കായി പറഞ്ഞാൽ പ്രകൃതിയുടെ സൌന്ദര്യമെല്ലാം എന്നെ സന്തോഷിപ്പിക്കയും സ്വർഗ്ഗത്തിലേക്കു് ഉയർത്തുകയും ചെയ്തു. ഞങ്ങൾ പലപ്പോഴും ഭിക്ഷുക്കളെ വഴിയിൽ കണ്ടുമുട്ടി. അവർക്കു എല്ലാസമയവും ധർമ്മം കൊടുക്കുക ഞാൻ സന്തോഷപൂർവ്വം കയ്യേററ ഒരു കടമയായിരുന്നു. ചിലപ്പോൾ അപ്പൻ തന്റെ കൊച്ചുരാജ്ഞിയ്ക്കു ദീർഘമായ നടപ്പു ആപൽക്കരമെന്നു കരുതി പ്രയാണം നിറുത്തികളയും, അപ്പോൾ വളരെ വൈമനസ്യത്തോടെയാണു് ഞാൻ വീട്ടിലേക്കു പിന്തിരിഞ്ഞതു്. എന്നാൽ ഈ ഇഛാഭംഗത്തിനു പ്രതിവിധിയായി സെലിൻ തന്റെ മഞ്ജൂഷത്തെ പൂക്കൾകൊണ്ടു നിറച്ചു വീട്ടിൽ കൊണ്ടുവന്നു എനിക്കു തന്നിരുന്നു.

വാസ്തവത്തിൽ ഭൂമി അന്നൊരു പറുദീസായായിരുന്നു. എനിയ്ക്കു് എല്ലാം ആനന്ദത്തെ പ്രദാനം ചെയ്തു. എല്ലാററിലും അതൃപ്തി കണ്ടുമുട്ടുന്നതിനും ഞാൻ ഒരുങ്ങിയിരുന്നു. എന്നാൽ വേറെ കാലങ്ങൾ വരുന്നുണ്ടായിരുന്നു. ഈശോയുടെ വധുവായി സ്വീകരിക്കപ്പെട്ട ഞാൻ നേരത്തെ കഷ്ടപ്പാടുകൾ സഹിക്കണമെന്നായിരുന്നു ദൈവനിശ്ചയം.

മഞ്ഞിനുകീഴ ജാതമായ വസന്തകുസുമങ്ങൾ ചൂടുള്ള സൂര്യപ്രഭ തട്ടുമ്പോൾ വികസിക്കുന്നതുപോലെ **ചെറുപുഷ്പ**ത്തിനും പരിശോധനയെന്ന ശീതകാലത്തിൽക്കൂടി കടക്കുന്നതിനും അതിന്റെ നേരിയ ചഷകം കണ്ണുനീരുകളെന്ന ഹിമകണങ്ങൾകൊണ്ടു നിറയ്ക്കുന്നതിനും വിധിച്ചിരുന്നു.

ഫാദർ മാത്യു പുതിയിടം.

# വേദപാരഗനായ വി. പീററർ കനിസിയൂസ്.

പരിശുദ്ധനും വേദപാരഗനുമെന്നു ഈയിടെ നാമകരണം ചെയ്യപ്പെട്ട ഈ പുണ്യവാൻ ൧൫൨൧ മേ മാസം ൮-ാംനു- ഹോളണ്ടിൽ നിജംവെഗൻ എന്ന സ്ഥലത്തു് ജാതനായി. ൧൫൪൩ൽ അദ്ദേഹം ഈശോസഭയുടെ ഒരു അംഗമായി സ്വീകരിക്കപ്പെട്ടു. കാലവിളംബമെന്യേ ഈ വിശുദ്ധദേഹം കൊളോനിൽ ഈശോസഭക്കാരുടെ ആദ്യ ജർമ്മനാശ്രമം സ്ഥാപിക്കുന്നതിനുണ്ടായ പ്രതിബന്ധങ്ങളെ ജയിക്കുന്നതിൽ ഒരു സഹകാരിയായി ഭവിച്ചു. താൻ പണ്ടേതന്നെ ഒരു ദൈവശാസ്ത്രജ്ഞനെന്ന പേരു സമ്പാദിക്കയും, ത്രെന്തോസു് സൂനഹദോസിൽവച്ചു് വലിയൊരു വിദഗ്ദ്ധൻ എന്നനിലയിൽ സഭാപിതാക്കന്മാർ തന്നോടു് ആലോചനകൾ ചോദിക്കയുമുണ്ടായി. ഈ സിദ്ധൻ, തന്റെ ജീവിതകാലം പ്രോട്ടസ്റ്റന്റു മതത്തോടു പോരാടുന്നതിനും, ജർമ്മനിയെ സത്യവിശ്വാസത്തിൽ സുസ്ഥിരമായി പാലിക്കുന്നതിനുമായി ചിലവഴിച്ചു. ദൂഷണങ്ങളും പരിഹാസങ്ങളുംകൊണ്ടു് ഇദ്ദേഹം കോപിഷ്ടനായി തീരുകയാവട്ടെ, മററുള്ളവരെപ്പററി സഹോദരസ്നേഹമെന്യേ സംസാരിക്കയാവട്ടെ ചെയ്യാതെ സ്നേഹസമേതം പ്രസംഗിക്കുമ്പോൾ സത്യത്തിന്റെ ശക്തിയാൽ പ്രതിയോഗികൾ മാനസാന്തരപ്പെടുമെന്നുള്ള പ്രത്യാശയോടുകൂടി സദാ പ്രവർത്തിക്കയാണു് ചെയ്തതു്. വിശ്വാസത്തിൽ തെററാത്തവരെ പരിരക്ഷിക്കുവാനായി തിരുസഭയുടെ പഠനം, നടപടി, പാരമ്പര്യം മുതലായവയെ പരാമർശിച്ചുകൊണ്ടുള്ള പ്രസംഗങ്ങൾ നടത്തുന്നതിൽ ഈ വിശുദ്ധൻ നിരന്തരം ബദ്ധശ്രദ്ധനായി കാണപ്പെട്ടിരുന്നു. വി. പീറററിന്റെ ആയുധങ്ങളിൽ ഏററം പ്രാധാന്യം അർഹിക്കുന്നതു് അദ്ദേഹമെഴുതിയ ഒരു വേദോപദേശമായിരുന്നു. അദ്ദേഹം ആജീവനാന്തം എവിടെ വസിച്ചിരുന്നാലും തീക്ഷ്ണതാപൂർവ്വം വേദോപദേശം പഠിപ്പിക്കയും, സ്ഥലം വിട്ടുപോകുമ്പോൾ മൂന്നു ഭാഗങ്ങൾ അടങ്ങിയ പ്രൌഢമായ തന്റെ വക വേദോപദേശ പുസ്തകം തദ്ദേശവാസികൾക്കു നൽകിക്കൊണ്ടുപോകുകയും ചെയ്തിരുന്നു.

ഈ പുണ്യശ്ലോകൻ മാർപ്പാപ്പാമാരുടെ സ്ഥാനപതിയും, ചക്രവർത്തികളുടെ സ്നേഹിതനും ആലോചനക്കാരനും ആയിരുന്നു. ശത്രുക്കളുടെ ആക്രമണങ്ങൾക്കെതിരായി തിരുസഭയുടെ ശക്തികളെ ഏകീകരിക്കുവാൻ ഈ സിദ്ധൻ വളരെ ശ്രമിച്ചിട്ടുണ്ടു്. മ്ശിഹായുടെ നേർക്കുള്ള അവിടത്തെ അപാരമായ സ്നേഹം, പരിശുദ്ധ പിതാവിനോടുള്ള തീക്ഷ്ണപരമായ പിതൃഭക്തിയാലും, ഈശോസഭയ്ക്കുവേണ്ടിയുള്ള നിഷ്കപടമായ തന്റെ

പരിശ്രമങ്ങളാലും വെളിപ്പെടുന്നു. എന്തുകൊണ്ടെന്നാൽ ഇദ്ദേഹത്തിൻെറ പരാക്രമവേലകൊണ്ടു് ജർമ്മനിയുടെ ദ്വിതീയപ്രേഷകനെന്നു വിളിക്കപ്പെട്ടുവരുന്നു. വി. പീററർ ജർമ്മനിയിൽ എല്ലാ സ്ഥലങ്ങളിലും പരിശുദ്ധ കന്യകയുടെ സഖ്യങ്ങൾ ഏൎപ്പെടുത്തുകയും സ്വിററ്സർലണ്ടിൽ ഫ്രിബൎഗ്ഗ് എന്ന സ്ഥലത്തു താൻതന്നെ ഒരു സഖ്യം നടത്തിവരികയും ചെയ്തു. ൧൬൯൮ ഡിസംബർ ൨൧-ാം നു- നമ്മുടെ കഥാനായകൻ തൻെറ രക്ഷിതാവിൽ സുഖനിദ്ര പ്രാപിച്ചു.

ഫാദർ ജോർജ്ജ് സി. ഡി.

# തിരുഹൃദയ ഭക്തന്മാർ ൧൯൨൮ കന്നിമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

"അകത്തോലിക്കരുടെ മാനസാന്തരം."

ദൈവപുത്രനായ മ്ശിഹാ മർത്ത്യവൎഗ്ഗത്തെ സ്വൎഗ്ഗരാജ്യത്തിലേക്കു ആനയിക്കുന്നതിനുള്ള മാൎഗ്ഗദൎശിയായി ഏകവും, പരിശുദ്ധവും, സാൎവ്വത്രികവും, അപ്പസ്തോലികവുമായ തൻെറ സഭയെ ലോകത്തിൽ സ്ഥാപിച്ചു. 'ശത്രു വിതച്ച കള'കൾക്കു തുല്യമായ അബദ്ധ പഠനങ്ങൾ മനുഷ്യരുടെ ദുഷ്ടമനസ്സിൻെറയും ആശാപാശങ്ങളുടെ ശക്തിയുടെയും ഫലമായി അവിടവിടെ ഓരോ കാലത്തു പ്രത്യക്ഷപ്പെടുകയും, അനേകരുടെ നാശത്തിനു കാരണമായിത്തീരുകയും, കാലാന്തരത്തിൽ തായിത്തടിയിൽ നിന്നു ഛേദിക്കപ്പെട്ട ശിഖരങ്ങൾ പോലെ തദനുയായികൾ സത്യസഭയിൽനിന്നു ബഹിഷ്കൃതരാവുകയും ഉണ്ടായിട്ടുണ്ടു്. വെട്ടപ്പെട്ട കൊമ്പുകൾ പോലെ പലതും കാലവിളംബം കൂടാതെ ഉണങ്ങിപ്പോയെങ്കിലും ചിലതു നില നിന്നുപോരുന്നതിനുള്ള ശ്രമം ചെയ്തുവരുന്നതായി നാം കാണുന്നു. ഭിന്നതയിന്മേൽ ഭിന്നതഭവിച്ചു് നാശഗൎത്തത്തിലേക്കുപായുന്നതിനല്ലാതെ അവരുടെ പ്രസ്തുതശ്രമങ്ങൾ ഉപകരിക്കുന്നില്ലെന്നു ചരിത്രം സാക്ഷിക്കുന്നു. പ്രോട്ടസ്റ്റൻറുകാർ, ഗ്രീക്കുശീശ്മക്കാർ, യാക്കോബായക്കാരാദിയായി ഇപ്രകാരം അ



പല്ക്കരാവസ്ഥയിലിരിക്കുന്ന അകത്തോലിക്കരായ നമ്മുടെ സഹോദരന്മാർ സത്യസഭയിലേക്കു പിന്തിരിയുന്നതിനുവേണ്ടി നാം പ്രാൎത്ഥിക്കണമെന്നാണു പരിശുദ്ധ പിതാവു ഈ മാസത്തിൽ ആഗ്രഹിക്കുന്നതു. ആകയാൽ ആദ്യം തന്നെ അവരുടെ ഹൃദയത്തിനു വെളിവു കൊടുക്കുന്നതിനു് 'വെളിവിൻെറ' ദൈവത്തോടു നാം ഹൃദയപൂൎവ്വം പ്രാൎത്ഥിക്കണം. രണ്ടാമതായി സത്യത്തെ അവൎക്കു കാണിച്ചുകൊടുക്കുന്നതിനു നാം യഥാശക്തി ശ്രമിക്കണം. അബദ്ധ പ്രബോധനങ്ങൾ ആരംഭിച്ചവർ അവരുടെ തെററു മനസ്സിലാക്കിക്കൊണ്ടാണു് സത്യത്തോടു എതിൎത്തിരുന്നതു. എന്നാൽ കാലക്രമത്തിൽ അവരുടെ അനുയായികളിൽ അനേകർ വിഷമെന്നു അറിയാതെ തന്നെ ഈ വിഷത്തെ പാനം ചെയ്കയാണു ചെയ്യുന്നതു. അതിനാൽ സത്യം അവരെ മനസ്സിലാക്കിക്കൊടുക്കുന്നതിനുള്ള ആവശ്യകത വിശദമാകുന്നു. ഇംഗ്ലണ്ടുമുതലായ പ്രോട്ടസ്റ്റൻറു രാജ്യങ്ങളിൽ ഈ വഴിക്കുള്ള കത്തോലിക്കരുടെ പരിശ്രമംകൊണ്ടു പ്രതിവത്സരം അനേകായിരം ആളുകൾ നേർവഴിയിൽ പ്രവേശിക്കുന്നുണ്ടെന്നുള്ളതു ഒട്ടും രഹസ്യമായ കാൎയ്യമല്ലല്ലൊ. പുന

ഐക്യത്തിനായിട്ടും മററുമുള്ള കൂടിയാലോചനകൾ പൂർവ്വാധികം സർവ്വത്ര പ്രബലപ്പെട്ടുവരുന്നുണ്ട്. കത്തോലിക്കാസഭയിലല്ലാതെ ശാശ്വതസമാധാനം കണ്ടെത്തുന്നതല്ലെന്നു അറിവുള്ളവർക്കെല്ലാം ബോദ്ധ്യപ്പെടുന്നുമുണ്ട്. എങ്കിലും ലൌകികമായ ഓരോ ന്യായങ്ങളും സാഹചര്യങ്ങളും നിമിത്തം പലരും സത്യസഭാമാതാവിന്റെ മടിയിലേക്കു പിന്തിരിയുന്നതിനു വൈമുഖ്യം പ്രദർശിപ്പിക്കുന്നതാണു. ആകയാൽ ഈവിധ പ്രതിബന്ധങ്ങളെല്ലാം തീർന്ന് ക്രമേണ ഏകതൊഴുത്തും ഏക ഇടയനുമായിത്തീരുന്നതിനുവേണ്ടി തിരുഹൃദയസഭക്കാർ പ്രാർത്ഥിക്കണം.

## കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്.

### 1. ഡൊമ്നിക്ക സാവ്യോ.

### XIV. വേറൊരു സ്നേഹിതൻ.

പ്രിയകുഞ്ഞുങ്ങളെ,

വിദ്യാലയത്തിലുണ്ടായിരുന്ന ഡൊമ്നിയുടെ സുകൃതസ്നേഹിതന്മാരിലൊരാളിന്റെ ജീവിതത്തേയും മരണത്തേയുംപററി മുമ്പൊരവസരത്തിൽ പ്രസ്താവിച്ചിരുന്നല്ലൊ. ജോൺ മസ്സീലിയാ എന്ന വേറൊരു സ്നേഹിതനേപ്പററിയാണു ഇത്തവണ അല്പം പറയാൻ പോകുന്നതു്. മസ്സീലിയായും ഡൊമ്നിയും ഒരു ദിക്കുകാരായിരുന്നതുപോലെതന്നെ, ഒരേ പുണ്യശുഷ്കാന്തിയോടും ഒരേ ജീവിതോദ്ദേശത്തോടുംകൂടിയവരായിരുന്നു. വൈദികാന്തസ്സിൽ ചേരണമെന്നായിരുന്നു രണ്ടുപേരുടേയും അതിയായ ആഗ്രഹം. "ആഗ്രഹിച്ചാൽ മാത്രം പോരാ; നമ്മേ തന്നേ അതിനു യോഗ്യമുള്ളവരാക്കിത്തീർക്കണം" എന്നു ഡൊമ്നി പലപ്പോഴും സ്നേഹിതനോടു പറഞ്ഞുവന്നിരുന്നു. തദനുസരണം ഈ ഉന്നതസ്ഥാനത്തിന്നനുരൂപമായ പുണ്യസമ്പാദ്യങ്ങളാൽ തങ്ങളേത്തന്നെ ഒരുക്കുന്നതിനു ഇരുവരും അന്യോന്യം സഹായിച്ചുവന്നു. പുണ്യപൂർണ്ണതയ്ക്കു പ്രതിബന്ധമായി വല്ലതും ഒരാളിൽ കണ്ടാൽ മറേറയാൾ അതു ഓർപ്പിച്ചുകൊടുക്കണമെന്നു അന്യോന്യം അവർ ഒരുടമ്പടി ചെയ്തിരുന്നു. അവധിക്കാലം തുടങ്ങിയാൽ വീട്ടിൽ പോകുന്നതിനു കുട്ടികൾക്കുള്ള താല്പര്യം പറയേണ്ടതില്ലല്ലോ. എങ്കിലും സുകൃതാഭ്യാസങ്ങൾക്കു സൌകര്യമുണ്ടാകയില്ലെന്നുള്ള കാരണത്താൽ ഡൊമ്നിയും മസ്സീലിയായും പലപ്പോഴും സ്വഭവനങ്ങളിൽ പോകാതെ ഡോൺബോസ്കോ അച്ചനോടുകൂടെ താമസിക്ക പതിവായിരുന്നു. അദ്ദേഹം നിർബന്ധിച്ചു ചിലപ്പോൾ കാരണവന്മാരുടെ അടുക്കലേക്കു ഈ കുട്ടികളെ അയക്കയാണു ചെയ്തിരുന്നതു്. ഇങ്ങനെ പുണ്യത്തിലും പഠനത്തിലും വളർന്നുവന്നതിനിടയ്ക്കു മസ്സീലിയാ വൈദികാന്തസ്സിന്റെ പ്രാരംഭമായി ശെമ്മാശ്ശന്മാരുടെ ഉടുപ്പു ധരിക്കയുമുണ്ടായി. മസ്സീലിയാ വിദ്യാലയത്തിലുള്ള കുട്ടികളുടെ കൂട്ടത്തിൽ നല്ല ദേഹബലവും ആരോഗ്യവുമുള്ള കുട്ടിയായിരുന്നെങ്കിലും കുറേകഴിഞ്ഞപ്പോൾ ഒരു ചില്ലറ സുഖക്കേടു ആരംഭിച്ചു വീട്ടിൽ പോകേണ്ടതായിവന്നു. അതിനിടയ്ക്കു ഡൊമ്നിക്കു അയച്ച ഒരെഴുത്തും ഡൊമ്നി അതിനു അയച്ച മറുപടിയും കണ്ടാൽ തന്നെ ഈ കുട്ടികൾ ഇരുവരും എത്രയോ ഉന്നത സുകൃതപദവിയിലെത്തിയവരാണെന്നു മനസ്സിലാക്കാം. (പ്രസ്തുത എഴുത്തുകൾ രണ്ടും സ്ഥലച്ചുരുക്കത്താൽ അടുത്ത തവണത്തേയ്ക്കു നീക്കിവച്ചിരിക്കയാണു്.) നിസ്സാരനിലയിൽ ആരംഭിച്ച മസ്സീലിയായുടെ രോഗം ഒന്നിനൊന്നു വർദ്ധിച്ച് കടശി അന്ത്യകൂദാശകളെല്ലാം ഭക്തിപൂർവ്വം കൈക്കൊണ്ടു ആ പുണ്യ ബാലൻ ദീർഘനിദ്ര പ്രാപിക്കയാണു ചെയ്തതു്. "നേരേ നിത്യസമ്മാനം പ്രാപിക്കുന്ന

തിനു ഈ ലോകത്തിൽ നിന്നു പുറപ്പെടുന്ന നീതിമാനെപ്പോലെ മസ്സീലിയാ മരണം പ്രാപിച്ചു" എന്നാണു ആ കുട്ടിയുടെ കുമ്പസാരക്കാരൻ ഡൊൺബോസ്കോ അച്ചനു് എഴുതി അയച്ചതു്. ഈ മരണവർത്തമാനം സാവ്യോയിക്കു വളരെ വല്ലായ്മയ്ക്കു് കാരണമായി. "മസ്സീലിയായും മോക്ഷത്തിലേക്കു പൊയ്ക്കളഞ്ഞു. ഞാൻ ഇനി എന്നാണു അവരോടുകൂടെ ചെന്നുചേരേണ്ടതു്?" എന്നാണു ദൊമ്മിനി ഇതുകേട്ടപ്പോൾ പ്രലപിച്ചതു. തന്റെ ജീവിതകാലം മുഴുവൻ ദിവ്യപൂജനേരത്തു പ്രത്യേകിച്ച് നിർമ്മലനായ ഈ സ്നേഹിതനുവേണ്ടി ദൊമ്മിനി പ്രാർത്ഥിച്ചുവന്നു.

## II. അഡ്മിനിസ്ത്രേയിററർ അപ്പസ്തോലിക്കാ തിരുമനസ്സിലെ ആശീർവ്വാദലേഖനം.

ചങ്ങനാശേരി രൂപതയുടെ അഡ്മിനിസ്ത്രേയിററർ റൈററ് റവ. മോൺസിഞ്ഞോർ ജേക്കബ് കല്ലറയ്ക്കൽ അവർകൾ നിങ്ങളുടെ കുഞ്ഞുസഭയ്ക്കു അയച്ചുതന്നിട്ടുള്ള ഒരു ആശീർവ്വാദലേഖനം അപാരമായ കൃതജ്ഞതയോടും അനല്പമായ സന്തോഷത്തോടുംകൂടെ താഴെച്ചേർക്കുന്നു. "നിങ്ങൾവഴി സഭയ്ക്കും സമുദായത്തിനും വലിയ നന്മകൾ ഉണ്ടായിക്കാണ്മാനുള്ള" അവിടത്തെ പ്രതീക്ഷയെ ഫലപ്രദമാക്കേണ്ടതു മേലദ്ധ്യക്ഷന്മാരുടെ ഈവിധ ആശീർവ്വാദങ്ങളോടുകൂടിയുള്ള നിങ്ങളുടെ സ്ഥിരപരിശ്രമമാണെന്നു മാത്രമേ അതിനു പ്രാരംഭമായി എനിക്കു പറവാനുള്ളൂ.

"പ്രിയ ബ. അച്ചാ,

നമ്മുടെ ബാലഗണത്തിനു് കത്തോലിക്കു് അറിവും കത്തോലിക്കാ പരിശ്രമപ്രസക്തിയും വർദ്ധിപ്പിക്കുന്നതിനുവേണ്ടി അച്ചൻ ഉപദേശിച്ചുകൊടുത്തിട്ടുള്ള കത്തോലിക്കാ ബാലസംഘത്തെപ്പററി കേട്ടതിൽ ഞാൻ അത്യന്തം സന്തോഷിക്കുന്നു. ആയിരത്തി അഞ്ഞൂറിലധികം കുട്ടികൾ ഇതിനിടകൊണ്ടു് ഇതിലേക്കു തയാറായിട്ടുണ്ടെന്നുകാണുന്നതു വലിയ ദൈവാനുഗ്രഹത്തിന്റെ ലക്ഷണംതന്നെ. ഈ ചെറിയ പ്രസ്ഥാനംകൊണ്ടു് സഭയ്ക്കും സമുദായത്തിനും വലിയ നന്മകൾ ഉണ്ടായിക്കാണ്മാനുള്ള പ്രതീക്ഷയോടും, അച്ചനേയും ഈ ബാലസംഘത്തേയും ദൈവം ആശീർവ്വദിക്കട്ടെയെന്നുള്ള പ്രാർത്ഥനയോടും, താങ്കൾക്കും ബാലസംഘത്തിനും സർവ്വവിജയങ്ങളും ആശംസിച്ചുകൊള്ളുന്നു.

ചങ്ങനാശേരി അരമനയിൽനിന്നും,

അഡ്: അപ്പസ്തോലിക്കാ,

യാക്കോബു കല്ലറയ്ക്കൽ."

24 8. 925.

## III. കെ. സി. സി. എ. ഡയറി.

നമ്മുടെ കുഞ്ഞുസഭയുടെ അംഗങ്ങളിലൊരാളായ ആർപ്പൂക്കര ഇല്ലിച്ചിറക്കൽ ചാണ്ടി എന്ന ബാലൻ കഴിഞ്ഞ മാസം 12-ാംനു- ഭാഗ്യമരണം പ്രാപിച്ചിരിക്കുന്ന വർത്തമാനമാണു ഇത്തവണ ആദ്യമായി നിങ്ങളെ അറിയിക്കാനുള്ളതു്. ആയിരത്തഞ്ഞൂറിൽനിന്നു ആദ്യമായി വിളിക്കപ്പെട്ട ഈ സഹോദരനുവേണ്ടി ഓരോ സംഘത്തിലും അടുത്ത യോഗം കൂടുമ്പോൾ ആദ്യമായി ൧ ആ. ൧ ന ൧ ത്രിത്വസ്തുതിയും "മരിച്ചവിശ്വാസികളുടെ ആത്മാക്കൾക്കു തമ്പുരാന്റെ മനോഗുണത്താലെ മോക്ഷത്തിൽ അനുക്രഹമുണ്ടായിരിക്കട്ടെ. നിത്യപിതാവേ! ഈശോമ്ശിഹാ കർത്താവിന്റെ വിലമതിയാത്ത തിരുച്ചോരയേക്കുറിച്ചു അവരുടെമേൽ കൃപയായിരിക്കണമേ" എന്ന ജപവും ചൊല്ലികാഴ്ച്ചവെക്കണമെന്നു ഓർപ്പിച്ചുകൊള്ളുന്നു.

❁ ❁ ❁

132 സംഘങ്ങളിലായി നാളതുവരേ 1584 കുഞ്ഞുമക്കളുടെ പേരുകൾ ലിസ്റ്റിൽ ചേർത്തിട്ടുണ്ടെന്നുള്ളതു കർമ്മലനാഥയായ നമ്മുടെ അമ്മയ്ക്കു അനന്തസന്തോഷത്തിന്നു കാരണമാകുമെന്നു പറയേണ്ടതില്ലല്ലൊ. ഇതിൽ 22 ബാലി



കൎമ്മലനാഥയുടെ കുഞ്ഞുമക്കൾ.

കാസംഘങ്ങളാണെന്നുള്ളതും ചങ്ങനാശേരി മുതലായി ചില ഇടവകകളിൽ എട്ടു ശാഖകൾ വരേ ഏൎപ്പെടുത്തിയിട്ടുണ്ടെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണു്. വിശ്വസ്തതയോടേ സ്ഥിരമായി നാം പരിശ്രമിക്കുന്നെങ്കിൽ ഈ ചെറിയ സൈന്യംകൊണ്ടു ആത്മാക്കളുടെ രക്ഷയ്ക്കും, തിരുസഭയുടെ മഹത്വത്തിന്നും, സമുദായത്തിന്റെ അഭിവൃദ്ധിക്കും വേണ്ടി എന്തൊക്കെയാണു് ചെയ്യാൻ പാടുള്ളതു്! കത്തോലിക്കാ പ്രസിദ്ധീകരണപ്രചാരത്തിൽ ഒന്നാമത്തേ മാസത്തേ നമ്മുടെ ശ്രമഫലങ്ങൾ ഇതിന്റെ ഒടുവിൽ ചേൎത്തിരിക്കുന്ന

ത്തു് നിങ്ങൾക്കു അത്യന്തം പ്രോത്സാഹജനകമാകുമെന്നു ഞാൻ വിശ്വസിക്കുന്നു.

❋ ❋ ❋

ഹാ! ദൈവമേ! നിന്റെ തിരുക്കണ്ണുകൾക്കു അത്യന്തം പ്രസാദിച്ച എത്രയോ വിലതീരാത്ത മാണിക്കക്കല്ലുകളാണു് ഈ ബാലസൈന്യത്തിലുള്ളതു്. ഇപ്രകാരമുള്ള ചിലരുടെ ചില എഴുത്തുകൾ സന്തോഷക്കണ്ണുനീരോടുകൂടെയല്ലാതെ വായിക്കാൻ എനിക്കു സാധിക്കുന്നില്ല. യഥാർത്ഥത്തിൽ അവ എനിക്കു ധ്യാനവിഷയങ്ങളായിരുന്നു. ദൈവവരപ്രസാദത്തിന്റെ പ്രവൃത്തികളോടു വേണ്ടപോലെ സഹകരിക്കയും, ശത്രുവിന്റെ ആക്രമണങ്ങൾക്കു അധീനമായിപ്പോകാതിരിക്കയും ചെയ്യുകയാണെങ്കിൽ ഈ ചെറുപുഷ്പങ്ങൾ കാലാന്തരത്തിൽ വികസിച്ചു എത്ര മനോഹര ഫലങ്ങളെ ചെയ്വാൻ പാടുണ്ടു്.

❋ ❋ ❋

എഴുത്തുകൾക്കു നേരിട്ടു മറുപടി തരാൻ സാധിക്കുന്നതല്ലെന്നുള്ള കാര്യം ഒരിക്കൽക്കൂടെ ഓർമ്മിച്ചുകൊള്ളുന്നു. അനാവശ്യമായി അധിക എഴുത്തുകൾ എഴുതി നിങ്ങളും സമയം നഷ്ടപ്പെടുത്തരുതു്. എഴുത്തുകളോ മണിയോർഡറോ അയക്കുമ്പോൾ ഓരോ ശാഖാസംഘത്തിന്റെ നമ്പരു കൂടെ കാണിപ്പാൻ പ്രത്യേകം ഓർമ്മവയ്ക്കേണ്ടതാണു്. ബാഡ്ജുകൾ ഇവിടെ ഉണ്ടായിരുന്നിടത്തോളം അയച്ചുകൊടുത്തിട്ടുണ്ടു്. അവ തിരികെ കിട്ടാത്തതിനാൽ ബാക്കിയുള്ളവക്കു അയച്ചുകൊടുക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടും, ഇവിടത്തെ കുഞ്ഞുമക്കൾ ആവലാതിപ്പെട്ടു തുടങ്ങിയിരിക്കുന്നതിനാലും അവ ഉപയോഗം കഴിഞ്ഞു വേഗം മടക്കി അയച്ചുതരണം.

❋ ❋ ❋

ആദ്യ ഞായറാഴ്ച പിരിച്ചയക്കുന്ന തുകകൾ കിട്ടിയാലുടനെ നിങ്ങൾക്കു ഉപയോഗപ്രദമായ പുസ്തകങ്ങൾ പാടുള്ള സഹായവിലയ്ക്കു അയക്കുന്നതിനു ഏർപ്പാടു ചെയ്തിട്ടുണ്ടു്. ഇങ്ങോട്ടയക്കുന്ന മണിയോർഡർ ചെലവും, ബാങ്കിൽ നിക്ഷേപിക്കാനുള്ള രണ്ടണയും, അങ്ങോട്ടയക്കാനുള്ള അഞ്ചൽക്കൂലിയും നീക്കി കഴിഞ്ഞാലും അവിടെ പിരിഞ്ഞ തുകയ്ക്കു മുഴുവൻ പുസ്തകങ്ങൾ അവിടെ കിട്ടത്തക്കവണ്ണം ലാഭത്തിനു പുസ്തകങ്ങൾ തരുന്നതിനാണു് ഇപ്പോൾ ഏർപ്പാടു ചെയ്തിരിക്കുന്നതു്. നസ്രാണിദീപികയും കർമ്മലകുസുമവും കിട്ടണമെന്നു പലരും ആവശ്യപ്പെട്ടതനുസരിച്ചു് അവയും കുറഞ്ഞ ഒരു നിരക്കിനു നിങ്ങൾക്കു തരുന്നതിനു സമ്മതിച്ചിട്ടുണ്ടു്. ആകയാൽ നിങ്ങൾ പുസ്തകങ്ങൾ വിഭജിച്ചെടുക്കുന്ന കാര്യത്തിൽ ഈ വിവരങ്ങൾ മനസ്സിലാക്കിയിരുന്നില്ലെങ്കിൽ കുട്ടികളാകയാൽ തർക്കത്തിനുള്ള ഇടയുണ്ടാകും. രണ്ടു രൂപാ ഒരു സംഘത്തിൽ നിന്നു പിരിഞ്ഞുകിട്ടിയെന്നിരിക്കട്ടെ. മണിയോർഡർ കമ്മീഷൻ കുറച്ചുള്ളതുക ഇങ്ങോട്ടയച്ചാൽമതി. പിന്നീടുള്ള ചിലവുകളെല്ലാം കഴിച്ചാലും രണ്ടു രൂപായിക്കു പുസ്തകങ്ങൾ നിങ്ങൾക്കു അവിടെ അയച്ചുതരും. നസ്രാണിദീപികയും കുസുമവും ഉണ്ടെങ്കിൽ അതിനു ഒരു മാസത്തേയ്ക്കു പത്രത്തിനു് ആളൊന്നുക്കു ഒരണ വീതം കഴിച്ചാൽ ബാക്കി ഇരുപതണയ്ക്കു പുസ്തകങ്ങൾ ഉണ്ടായിരിക്കും. അതു സെക്രട്ടറി വീതംപോലെ ഭാഗിച്ചു കൊടുത്തുകൊണ്ടാൽ മതി. കുഞ്ഞുമക്കൾക്കെല്ലാം ഓരോ ജപപ്പുസ്തകം ഉണ്ടായിരിക്കേണ്ടതു അത്യാവശ്യമാകയാൽ അടുത്ത തവണ രണ്ടേകാൽ അണയുടേയും നാലു അണയുടേയും ചെറിയ ജപപ്പുസ്തകങ്ങളാണു് പാടുപോലെ അയക്കാൻ കരുതിയിരിക്കുന്നതെന്നു നേരത്തെ അറിഞ്ഞിരുന്നാൽ പുസ്തകക്കെട്ടു വന്നെത്തുമ്പോൾ പങ്കിടുന്നതേപ്പററിയും വിലവിവരത്തെപ്പററിയും മററും എഴുത്തുകുത്തുകൾക്കു ഇടയുണ്ടാകുന്നതല്ല. ഇങ്ങനെ പല തവണയായി കുറേശ്ശേ നാം ശേഖരിച്ചുവരുമ്പോൾ കുറേക്കാലംകൊണ്ടു ഓരോ കുടുംബത്തേയ്ക്കും അത്യാവശ്യപ്പെട്ട പുസ്തകങ്ങളടങ്ങിയ ഒരു ഗ്രന്ഥശേഖരം ഉണ്ടായിവരുന്നതും അതു കുടുംബത്തിനു വലിയൊരു നിക്ഷേപമായിരിക്കുന്നതുമാണു്. ഇതോടുകൂടെ തന്നെയും, അഥവാ ഇതുകഴിഞ്ഞും, നിവൃത്തിയില്ലാത്ത അന്യ ആളുകൾക്കും അകത്തോലി

കരാദിയായവക്കും സൌജന്യ വിതരണവും നമുക്കു ചെയ്യാവുന്നതാകുന്നു.

❉ ❉ ❉

കുഞ്ഞുമക്കളുടെ വകസ്റ്റു കുസുമത്തിൽ കുറെ ഭാഗം ഇനി അപഹരിക്കാതെ നിവ്വാഹമില്ലാഞ്ഞതിനാൽ അതിൻെറ പരിഹാരത്തിലേക്കായി പതിവിലെന്ന്യേ നാലു പക്ഷങ്ങൾ കൂടെ കുസുമത്തിനു കൂട്ടതൽ ചെയ്യുതന്നിട്ടുള്ളതിലേക്കു തദധികൃതന്മാരുടെ നേക്കു നാം കൃതജ്ഞതയുള്ളവരാകേണ്ടിയിരിക്കുന്നു.

❉ ❉ ❉

ഇത്രയും എഴുതിക്കഴിഞ്ഞപ്പോൾ നമ്മുടെ കത്തോലിക്കാ ബാലികാബാലന്മാരുടെ ഉപയോഗത്തിനായി എർണാകുളത്തുനിന്നു പെ. ബ. നടുവത്തുശ്ശേരിൽ യാക്കോബച്ചൻെറ ആധിപത്യത്തിൽ "കഥാചന്ദ്രിക" എന്നൊരു മാസിക അടുത്ത മാസം മുതൽ തുടങ്ങാൻ പോകുന്നതായി അറിവു കിട്ടിയിരിക്കുന്നു. എൻെറ കുഞ്ഞുങ്ങൾക്കു ഈ തരത്തിൽ വല്ലതുമൊന്നുണ്ടായിരുന്നാൽ കൊള്ളാമെന്നു ഞാൻ വളരെ ആഗ്രഹിച്ചിരുന്നതാണ്. അതിനാൽ ഇതും 'ചെറുപുഷ്പം' മുതലായ മാസികകളും ആളായത്തിൽ നിങ്ങൾക്കു വാങ്ങിത്തരുന്നതിനു ഞാൻ ഏപ്പാടുചെയ്യുകൊള്ളാം. എന്നാൽ എല്ലാം നിങ്ങളുടെ പരിശ്രമത്തെ ആശ്രയിച്ചിരിക്കുന്നു. ഒരു കൊച്ചുകാശിൻെറ പ്രതിഫലം ഇച്ഛിക്കാതെയും, നിങ്ങളുടെ ഓരോ കൊച്ചുകാശും ഒന്നരക്കാശിൻെറ ഫലം ചെയ്യത്തക്കവണ്ണവും നിങ്ങൾക്കുവേണ്ടി ബുദ്ധിമുട്ടുന്നതിനു നിങ്ങളുടെ കൊച്ചച്ചൻ സദാ തയ്യാറുണ്ടു്. അതോടുകൂടെ നിങ്ങളും ഹൃദയപൂർവ്വം സഹകരിക്കുന്നപക്ഷം ഓരോരുത്തൻ തനിച്ചു ശ്രമിച്ചാൽ സാധിക്കാത്ത പല കാര്യങ്ങൾ നമ്മുടെ ചെറുസൈന്യത്തിനു് നിഷ്പ്രയാസം സാധിക്കാൻ കഴിയുമെന്നു നിങ്ങൾക്കു താമസിയാതെ മനസ്സിലാകും. കടശി നിങ്ങളുടെ എരിവുള്ള പ്രാർത്ഥനകൾക്കു കയ്യാളിച്ചുകൊണ്ടു വിരമിക്കുന്നു.

എന്നു നിങ്ങളുടെ സ്വന്തം കൊച്ചൻ.

---

# പുതിയ പ്രസിദ്ധീകരണങ്ങൾ.

## 1. വി.പ്രാൻസീസ് ദെസാലെസ്

കൊൺവേർഷ്യൻലീഗ്,
പുത്തൻപള്ളി, വരാപ്പുഴ.

വില ഒന്നര അണ.

പതിനാറാം ശതാബ്ദത്തിൻെറ ഉത്തരാദ്ധത്തിൽ കത്തോലിക്കാ സഭയിൽ പ്രശോഭിച്ചിരുന്ന സുകൃതാഗ്രേസരനും, ശാസ്ത്രപാരംഗതനും, കുലീനവംശജനും, സഭാസ്ഥാപകനുമായ ഒരു മെത്രാനാണു വി. പ്രംസിസ്സോസ് സാലെസ്. എന്നാൽ അദ്ദേഹത്തിൻെറ ഏതാദൃശങ്ങളായ നാനാവിധഗുണങ്ങളുടെ മദ്ധ്യേ സൂര്യസമാനം പരിലസിക്കുന്ന ഒരു നിസ്തുല ഗുണവിശേഷമാണു ഇന്നു ലോകത്തിനു അദ്ദേഹത്തെ സുപരിചിതനാക്കിത്തീർത്തിട്ടുള്ളതു്. വി. പ്രാൻസിസിൻെറ മാധുര്യംനിറഞ്ഞ ശാന്തസ്വഭാവത്തെ അനുസ്മരിക്കാതെ അദ്ദേഹത്തിൻെറ നാമധേയം ഓപ്പാൻ സാധിക്കുന്നതല്ല. ഈ ചെറിയ ജീവചരിത്രത്തിൻെറ എല്ലാഭാഗത്തും പ്രസ്തുത ഗുണം സവിശേഷം പ്രതിബിംബിച്ചുകാണാം. ഈമാതിരി ചരിത്രങ്ങൾകൊണ്ടു ജനസാമാന്യത്തിനുണ്ടാകാവുന്ന പ്രയോജനം നിസ്സീമമെന്നേ പറവാനുള്ളു.

## 2. തിയ്യസഹോദരന്മാരോട് ഒരു വാക്ക്.

മാർ ളൂയിസ് മെമ്മോറിയൽ പ്രസ്സ്,
എറണാകുളം.

വില ഒരണ മൂന്നു പൈ.

കേരളത്തിലെ തീയ്യ സമുദായത്തിൽ മതവിഷയകമായി അന്ന്യാദൃശമായ ഒരുണർച്ചയുണ്ടായിട്ടുള്ള ഒരു കാലഘട്ടമാണല്ലൊ ഇതു്. സ്വമതം പരിത്യാജ്യമെ

ന്ന് അവരിൽ ആലോചനാശക്തിയുള്ളവരെല്ലാം നിശ്ശങ്കം സമ്മതിക്കുന്നു. എന്നാൽ വേറെ പല മതങ്ങൾ അഹമഹമികയാ ദൃഷ്ടിക്കു വിഷയീഭവിക്കുന്നതിൽ ഏതാണു പരിഗ്രഹിക്കേണ്ടതെന്നു അവർ ശങ്കിക്കുന്നു. ഈ നിലയിൽ കത്തോലിക്കാമതത്തെപ്പററി അവർ പര്യാലോചിക്കാനുള്ള ചില വിഷയങ്ങളാണ് ഈ ലഘുലേഖമുഖേന അവക്കു വെളിപ്പെടുത്തിക്കൊടുത്തിരിക്കുന്നതു്. 'സത്യനാദ'ത്തിൽ ഇതിനുമുമ്പു ലേഖനരൂപേണ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള യുക്തിവാദങ്ങളെത്തന്നെ പുസ്തകദ്വാരാ ഇങ്ങിനെ വെളിക്കു കൊണ്ടുവന്നിട്ടുള്ളതു അത്യന്തം അവസരോചിതമായിട്ടുണ്ടു്. ഞങ്ങളുടെ തിയ്യസഹോദരന്മാർ ഈ ന്യായകോടികളെ അവധാനപൂർവ്വം ആലോചിച്ചുനോക്കണമെന്നു ഞങ്ങൾക്കപേക്ഷയുള്ളു.

### 3. കേരളീയകത്തോലിക്കാവിദ്യാർത്ഥി

എം. സി. എസ്. എൽ.

പ്രസിദ്ധീകരണശാല, മാന്നാനം.

വില ഒരണ.

കേരളീയകത്തോലിക്കാ വിദ്യാർത്ഥിസംഘം വകയായി ഇതേവരെ പ്രസിദ്ധപ്പെടുത്തിവന്ന ഇംഗ്ലീഷ്ബുള്ളററിനുപുറമെ ഹൈസ്കൂൾ ക്ലാസുകളിലെ താഴ്ന്ന ക്ലാസുകാക്കുവേണ്ടി പ്രസിദ്ധീകരിച്ചുതുടങ്ങിയിട്ടുള്ള മലയാളം ബുള്ളററിന്റെ ഒന്നാമത്തെ ലക്കമാണിതു്. റവ. ഫാദർ ഒനോരെ എസ്. ജെ. അവർകളുടെ സന്ദേശം, പ്രസാധകക്കുറിപ്പുകൾ, സ്വാപഹിത്യാഗം, അദ്ധ്യയനസംഘം, വില്ലനാട്ടുകാർ എന്നിങ്ങനെ ശ്രദ്ധേയങ്ങളായ നാലഞ്ചു ലേഖനങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ടു്. വിദ്യാർത്ഥിസംഘത്തിന്റെ വ്യാപ്തിയെ വിസ്തൃതമാക്കുന്നതിനു ഈ പുതിയ പദ്ധതി അത്യധികം സഹായിക്കാതിരിക്കയില്ലെന്നാണ് ഞങ്ങളുടെ പ്രതീക്ഷ.

### 4. സത്യവേദപാഠാവലി.

(നമ്പർ 3.)

കോൺഫ്രവർഷ്യൻലീഗ് പുത്തൻപള്ളി

വരാപ്പുഴ.

പാഠാവലിയുടെ ഈ ലക്കത്തിൽ "ദൈവം നീതിമാനും പരിശുദ്ധനും ആകുന്നു." "കാവൽമാലാഖാമാർ" എന്നിരണ്ടു വിഷയങ്ങളെപ്പററിയാണ് പ്രതിപാദിച്ചിട്ടുള്ളതു്. മുൻലക്കങ്ങളിലെപ്പോലെ തന്നെ, ഗഹനങ്ങളായ ഈ വിഷയങ്ങളെ ഹൃദ്യവും ലളിതവുമായ രീതിയിൽ തുടർന്നുകൊണ്ടുപോകുന്നതിനു ഭാഷാന്തരകാരൻ ശ്ലാഘ്യമായ ശ്രമം ചെയ്തിട്ടുണ്ടു്. വേദാന്തശാസ്ത്രത്തിന്റെ അസ്ഥിവാരങ്ങളായ ഈ ഭാഗങ്ങൾ കുട്ടികളിൽ വേരുറപ്പിക്കുന്നതിന് ഇതുപോലെ പര്യാപ്തമായ മാർഗ്ഗങ്ങൾ വേറെ ഉണ്ടാകാൻ അസാദ്ധ്യംതന്നെ.

---

## വി. അന്തോനീസിന്റെ നവനാൾ.

എല്ലാ മാസത്തിന്റെയും ൨൧-ാംനു- ആരംഭിച്ച് ൩൦-ാംനു- അവസാനിക്കുന്നതാണ്. ഈ നവനാൾ ജപത്തോടു് യോജിക്കുവാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ ആവശ്യങ്ങൾ രേഖപ്പെടുത്തി താഴെ കാണുന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്. നവനാൾ ആരംഭത്തിൽ ഇങ്ങനെ അയക്കുന്ന എഴുത്തുകൾ എല്ലാം വി. അന്തോനീസിന്റെ പീഠത്തിൻ മുമ്പാകെ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ വച്ചുകൊണ്ടു് അപേക്ഷ നടത്തുന്നതും അവസാനദിവസം തുറന്നു നോക്കാതെ നശിപ്പിച്ചുകളയുന്നതുമാണ്. ഇതേവരെയുള്ള പ്രാർത്ഥനകൾകൊണ്ടു് വല്ല മനോഗുണങ്ങളും ലഭിച്ചിട്ടുള്ളവർ വിവരം അറിയിച്ചുതരുവാനപേക്ഷ.

മേൽവിലാസം.

വി. അന്തോനീസിന്റെ നവനാൾ പീഠത്തിലേക്കു്,

വേദപ്രചാര ഡയറക്ടർ,

കത്തോലിക്കാ മിഷ്യൻപള്ളി, പുതുപ്പള്ളി, കോട്ടയം,

# വർത്തമാനസംഗ്രഹം.

## കേരളം.

എറണാകുളം മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു യൂറോപ്പുരാജ്യങ്ങളും പലസ്തീനാ മുതലായ വിശുദ്ധസ്ഥലങ്ങളും സന്ദർശിച്ചുകഴിഞ്ഞശേഷം സെപ്റ്റംബർ 20-ാംനു- പോർട്ടുസെയ്ഡിൽനിന്നു കപ്പൽ കയറുന്നതും, ഒക്ടോബർ 5-ാംനു-യോടുകൂടെ ഇവിടെ വന്നെത്തുന്നതുമാണെന്നു അറിയുന്നു.

മദ്രാസ് ഗവർണ്ണർ ഗോഷൻപ്രഭു അടുത്ത ഒക്ടോബർമാസത്തിൽ തിരുവിതാംകൂറും കൊച്ചിയും സന്ദർശിക്കുന്നതാണ്.

കൊച്ചിതുറമുഖം പണിവകയ്ക്കു 20 ലക്ഷം രൂപയുടെ മണ്ണുമാന്തിക്കപ്പൽ മുതലായ സാമഗ്രികൾകൂടെ വാങ്ങിക്കുന്നതിനു ബ്രിട്ടീഷ് ഗവൺമെണ്ടു അനുവദിച്ചിരിക്കുന്നു.

വരാപ്പുഴ അതിരൂപതയിൽനിന്നു റോമയിൽപോയി ഉന്നത വൈദിക വിദ്യാഭ്യാസം നടത്തിവന്നിരുന്ന റവ. ഫാദർ ജോർജ്ജ് കാട്ടാശ്ശേരി അവർകൾ ഡി. ഡി., ഡി. സി. എൽ., പി. എച്ച്. ഡി. എന്ന പരീക്ഷകൾ ജയിച്ചുകഴിഞ്ഞതായും, ഫ്രാൻസ്, സ്പെയിൻ, ഇംഗ്ലണ്ടു് മുതലായ രാജ്യങ്ങൾ സന്ദർശിച്ചശേഷം താമസിയാതെ ഇങ്ങോട്ടു പുറപ്പെടുന്നതാണെന്നും അറിയുന്നു.

അമ്പലപ്പുഴ ക്ഷേത്രത്തിനു സമീപമുള്ള റോഡുകളിൽകൂടി ഗതാഗതം ചെയ്യുന്നതിനു ഈഴവർ മുതലായ അവർണ്ണഹിന്ദുക്കൾക്കുണ്ടായിരുന്ന പ്രതിബന്ധം നീങ്ങി കഴിഞ്ഞ മാസത്തിൽ ഗവൺമെണ്ടു സഹായത്തോടുകൂടെ അവർ അതിലെ സഞ്ചരിച്ചുതുടങ്ങിയിരിക്കുന്നു.

തിരുവിതാംകൂറിലെ കള്ളുകുത്തക നിറുത്തലാക്കണമെന്നു അപേക്ഷിക്കുന്നതിനായി ദിവാൻ മിസ്റ്റർ മോറീസ് വാട്ട്സിന്റെ അടുക്കൽ ചെന്നിരുന്ന ഡെപ്യൂട്ടേഷൻകാരോടു ഇക്കൊല്ലത്തെ കുത്തക കൊടുത്തുപോയെന്നും, മേലിലേക്കു ആലോചിച്ചു അനുകൂലമായ തീർച്ച ചെയ്യുന്നതാണെന്നും അദ്ദേഹം മറുപടി പറഞ്ഞിരിക്കുന്നു.

ഉൽകൃഷ്ടവിദ്യാഭ്യാസാർത്ഥം ഇംഗ്ലണ്ടിൽ താമസിച്ചിരുന്ന ശ്രീമതി തെങ്ങുംമൂട്ടിൽ ത്രേസ്യാമ്മ ഡി. എസ്. സി. മുതലായ ഉന്നത പരീക്ഷകൾ കഴിഞ്ഞു് സെപ്റ്റംബർ 23-ാം തീയതി ഇൻഡ്യയിൽ എത്തുന്നതാണെന്നറിഞ്ഞു സന്തോഷിക്കുന്നു. കേരളീയ കത്തോലിക്കാവനിതകളിൽനിന്നു ഇദംപ്രഥമമായി ഈദൃശ വിജയം സിദ്ധിച്ചിട്ടുള്ള ഈ മഹതിയെ ഞങ്ങൾ ഹാർദ്ദമായി അനുമോദിക്കുന്നു.

തൃശ്ശൂർ രൂപതയിൽപ്പെട്ട തലോർ എന്ന സ്ഥലത്തു കഴിഞ്ഞമാസം 15-ാംനു- കേരളീയ കർമ്മലീത്താ സഭ വക ഒരാശ്രമം ആരംഭിച്ചിരിക്കുന്നു.

## ഇൻഡ്യാ.

മെഡിറ്ററേനിയൻകടലിൽ ഒരു സഞ്ചാരത്തിനായി ഇറങ്ങുന്ന കൂട്ടത്തിൽ ബൽജിയം രാജാവും രാജ്ഞിയും അടുത്ത മാസത്തിൽ ഇൻഡ്യയും സന്ദർശിക്കാൻ തീർച്ചപ്പെടുത്തിയിരിക്കുന്നതായി അറിയുന്നു.

പോർട്ടുഗീസുകാരുടെ വക ദമാവ്വൻ രൂപതയുടെ മെത്രാനായ ഡോക്ടർ സെബാസ്റ്റ്യൻപെറെയിര 68-ാമത്തെ വയസ്സിൽ കഴിഞ്ഞമാസം 24-ാംനു- ചരമഗതി പ്രാപിച്ചിരിക്കുന്നു.

മംഗലപുരം രൂപതയിൽപ്പെട്ട റവ ഫാദർ ജൂലിയൻറേഗോ അവർകൾ ജൂബിലിവത്സരം പ്രമാണിച്ചു ഈയിട റോമിനു പോയിരുന്ന അവസരത്തിൽ അവിടെവച്ചു ഡി. ഡി. ബിരുദ് എടുത്തിരിക്കുന്നു ഇദ്ദേഹം മംഗലപുരത്തെ ഇടവകപ്പട്ടക്കാരിൽനിന്നുള്ള ഒന്നാമത്തെ ഡി. ഡി. ആണ്.

വിസിറ്റർ അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു ഡർജീലിങ്ങിൽനിന്നു ഉത്തര ഇൻഡ്യയിലുള്ള രൂപതകൾ സന്ദർശിക്കുന്നതിനായി പുറപ്പെട്ടിരിക്കുന്നു. പാറ്റ്നായും അല്ലഹബാദും അവിടുന്നു സന്ദർശിച്ചുകഴിഞ്ഞതായി അറിയുന്നു.

സിലോണിൽ ഗാല്ലി ഇടവകയുടെ ഫൊറോനാവികാരിയും മെത്രാസ

നക്കച്ചേരിയിലെ ഒരംഗവുമായ വെറി റവ. ഫാദർ പി. എൻ. ഫെർനാണ്ടോ അവർകൾക്കു പരിശുദ്ധപിതാവു മൊൺസിഞ്ഞോർസ്ഥാനം കല്പിച്ചു നൽകിയിരിക്കുന്നു.

തൃശ്ശിനാപ്പള്ളി സെൻറുജോസഫ്സ് കോളേജിൽനിന്നു ഇക്കൊല്ലം സർവ്വകലാശാലാബിരുദ്ദ നേടിയ വിദ്യാർത്ഥികൾക്കു മദ്രാസ് സെൻറു ഗബ്രിയേൽ ഹൈസ്കൂളിൽവച്ചു നൽകിയ ഒരു അനുമോദനത്തിൽ റവ. ഫാദർ ബർട്രാം കവിൻ എന്നിവർ ഓരോ പ്രസംഗം ചെയ്തതായിക്കാണുന്നു.

## ഇററലി.

പരിശുദ്ധപിതാവിനു എന്തോ അസ്വാസ്ഥ്യമാണെന്നു് ചില ഇററാലിയൻ പത്രങ്ങൾ തട്ടിമൂളിച്ച അതീയതിയിൽതന്നെ അവിടുന്നു് പല തീർത്ഥയാത്രാസംഘങ്ങളെ സ്വീകരിച്ചതായറിയുന്നു.

ചൈനായിൽ ഒരു കത്തോലിക്കാ സർവ്വകലാശാല സ്ഥാപിക്കുന്നതിനു് തീർച്ചപ്പെടുത്തിയിരിക്കുന്നതായി പ്രൊപ്പഗാന്ത സംഘം പ്രഖ്യാപനം ചെയ്തിരിക്കുന്നു

ഡെന്മാർക്കിലേ പുതിയ കത്തോലിക്ക് സർവ്വകലാശാലയിലേ വേദാന്ത ശാസ്ത്രവിദ്യാർത്ഥികളുടെ ഹോസ്റ്റൽ വകയ്ക്കു പരിശുദ്ധപിതാവു് 5 ലക്ഷം ലീര സംഭാവന ചെയ്തിരിക്കുന്നു.

പത്താംപീയൂസ് മാർപ്പാപ്പാ തിരുമനസ്സിലേ നാമകരണകാര്യത്തിൽ പ്രമതലപ്പെട്ട കമ്മിററിക്കാരുടെ അഭിമുഖ്യത്തിൽ "പരിശുദ്ധ പാപ്പായുടെ ജീവചരിത്രം" എന്നൊരുപുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നു.

സെൻറു പീറേറഴ്സ് ദേവാലയത്തോടു ചേർന്നുള്ള ചാപ്റ്ററർഹൌസിലേ ഭണ്ഡാരം കുത്തിത്തുറന്നു് എണ്ണായിരത്തോളം പവൻ വിലയുള്ള കാസാ മുതലായ സാമാനങ്ങൾ തട്ടിക്കൊണ്ടുപോയ ഒരു ചെറുപ്പക്കാരിയേ പിടികൂടിയിരിക്കുന്നു.

## ഇംഗ്ലണ്ടു.

നിക്യാസൂനഹദോസിൻെറ പതിനാറാം ശതാബ്ദപൂർത്തി സംബന്ധിച്ചു് ആംഗ്ലിക്കൻ സഭയിലേയും ഗ്രീക്കു സഭയിലേയും വൈദികാദ്ധ്യക്ഷന്മാർ യോജിച്ചു് വെസ്റ്റു മിനിസ്റ്റർ ആബിയിൽവച്ചു ഒരു ആഘോഷം നടത്തിയിരിക്കുന്നു.

കണ്ടത്തിൽ മാർ അഗസ്റ്റീനോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് കഴിഞ്ഞമാസത്തിൽ ലണ്ടനിലെത്തിയ അവസരത്തിൽ ഇൻഡ്യ ആപ്പീസു സന്ദർശിച്ചതായി റൂട്ടർ കമ്പിയടിക്കുകയുണ്ടായി.

ഇൻഡ്യാ വൈസറോയി ഇംഗ്ലണ്ടിൽ നിന്നും മടങ്ങി എത്തിയ ശേഷമുള്ള ഇവിടത്തെ ജനങ്ങളുടെ സ്ഥിതികണ്ടതിനുമേൽ മാത്രമേ ചക്രവർത്തിതിരുമനസ്സുകൊണ്ടു ഇൻഡ്യാസന്ദർശിപ്പാനുള്ള ആലോചന തീർച്ചപ്പെടുത്തുകയുള്ളുവെന്നു കാണുന്നു.

ലോകപ്രസിദ്ധമായി തീർന്നിരിക്കുന്ന വെംബ്ലിപ്രദർശനസ്ഥലവും അതിൻെറ കെട്ടിടങ്ങളും ഏതാനും ധനാഢ്യന്മാർകൂടി വാങ്ങിച്ചു സാധുജനങ്ങളുടെ താമസത്തിനു കൊടുപ്പാൻ ആലോചന നടന്നു വരുന്നു.

---

## മനോഗുണ വിവരങ്ങൾ

ചുരുക്കമായി ഇവ്വിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേർ അടച്ചിരിക്കണം.

മാർ അന്തോനീസിൻെറ മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

പി. കെ. കെ. ഹൈററയിഞ്ച്.

തിരുഹൃദയത്തിൻെറയും ദൈവജനനിയുടെയും വേളയിൽ വി. അന്തോനീസിൻെറയും അനുഗ്രഹത്താൽ ലഭിച്ച പല വിശേഷ സഹായങ്ങൾക്കുപകാരസ്മരണ.

എ. എം. സി. മാമ്പള്ളി.

മോഷണം പോയ ഒരു നൂറു രൂപാ കാവാലിക്കര വി. അന്തോനീസിൻെറ സഹായത്താൽതിരികെകിട്ടിയതിനു് ഉപകാരസ്മരണ. കെ. സി. എഫ്. ചങ്ങനാശേരി.

ളാലത്തു മാർ ഇഗ്നാസിയോസിന്റെയും ചെങ്ങളത്തു മാർ അന്തോനീസിന്റെയും സഹായത്താൽ കുട്ടിയുടെ ദീനം സുഖപ്പെട്ടതിന്, ടി. ജെ. ആർ. പാലാ.

ദൈവജനനിയോടും കൊച്ചുത്രേസ്യായോടുമുള്ള അപേക്ഷയുടെ ഫലമായി എന്റെ ഏക പുത്രൻ നൽവഴിക്കുതിരിഞ്ഞതിനുപകാരസ്മരണ. കെ. ബി വി.

ഞാൻ ആഗ്രഹിച്ച കാര്യം തിരുഹൃദയകാരുണ്യത്താലും പരിശുദ്ധ കന്യകയുടെ സഹായത്താലും സാധിച്ചു കിട്ടിയതിന്, സി. ജെ. മടക്കത്താനം.

എളവള്ളി വി. അന്തോനീസിന്റെ സഹായത്താൽ എന്റെ ഭാര്യയുടെ പ്രസവം യാതൊരു സുഖക്കേടുംകൂടാതെകഴിഞ്ഞതിനുപകാരസ്മരണ. സി. വി. മണലൂർ.

വി. കൊച്ചുത്രേസ്യായുടേയും വി. അന്തോനീസിന്റേയും സഹായത്താൽ എന്റെ ജ്യേഷ്ഠന്റെ കുട്ടിയുടെ സുഖക്കേടു നീങ്ങിയതിന്. എം. ജെ. കോട്ടയം.

തിരുഹൃദയത്തിന്റെയും മാർ അന്തോനീസിന്റെയും അനുഗ്രഹത്താൽ ഒരു നിലത്തെപ്പററി വളരെക്കാലം ദീർഘിച്ച ഒരു കേസു അനുകൂലമായതിന്നു ഉപകാരസ്മരണം. എഫ്. ജി. ഒ. ചിററാട്ടുർ.

വി. അന്തോനീസിന്റെസഹായത്താൽ സുഖപ്രസവം ലഭിച്ചതിനുപകാരസ്മരണചെയ്യുന്നു. എ. പി. സി. പുളിംകുന്നു.

മൂന്നുവർഷത്തെ ചികിത്സകൊണ്ടു ഗുണംകിട്ടാതിരുന്ന എന്റെ സുഖക്കേടു വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ നീങ്ങിയതിന്. എൽ. എൻ. നീണ്ടകര.

ചെങ്ങളത്തു മാർ അന്തോനീസിന്റെ സഹായത്താൽ പരീക്ഷയിൽ ജയിച്ചതിനും വേറൊരു കാര്യം സാധിച്ചതിനും കൃതജ്ഞത കാണിക്കുന്നു.

ടി. ജെ. ജെ. പാലാ.

കാലംചെയ്ത നമ്മുടെ മെത്രാനച്ചന്റെ മദ്ധ്യസ്ഥതയാൽ ഒരാളിന്റെ അപകടമായ പനി ഭേദപ്പെട്ടതിനുപകാരസ്മരണ. സി. എം. ചങ്ങനാശേരി.

തിരുഹൃദയത്തിന്റെയും മാർ അന്തോനീസിന്റെയും സഹായത്താൽ എന്റെ ഭാര്യയുടേയും കുട്ടികളുടേയും സുഖക്കേടുനീങ്ങിയതിനും എനിക്കുജോലികിട്ടിയതിനും ഉപകാരസ്മരണ ഐ എൻ. പി.

---

## ചരമ വാർത്ത

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകണം.

കപ്പാട്ടുചിറ ഇടവക ചക്കാങ്കുന്നേൽ അവിരാ കഴിഞ്ഞ മാസം 10-നു 18 വയസ്സു.

മുതലക്കോടം ഇടവക ചെമ്പരുത്തിക്കൽ പൌലോസുമാപ്പിള അവർകൾ കഴിഞ്ഞ മാസം25-നു 103 വയസ്സ്.

കാവിലങ്ങാട്ടുപള്ളിയിടവക പാറേക്കുന്നേൽ ഡോക്ടർ പി. ജേ. തോമസ് എം. ഏ. ഡി. ലിററ് അവർകളുടെ പിതാവു ടി. ഔസേപ്പു അവർകൾ അഗസ്റ്റ് 4-നു 68 വയസ്സ്.

ക. നി. മൂ. സ. ബ. കുസുമോസച്ചന്റെയും ദമിയാനോസച്ചന്റെയും പിതാവു പുളിംകുന്നു പള്ളിയിടവക ചിറവൃത്തറ ഔസേപ്പു അവർകൾ അഗസ്റ്റ് 11-നു 74 വയസ്സ്.

മംഗലാപുരം സെന്റു് ആൻസ് കർമ്മലീത്താമഠത്തിൽപ്പെട്ട റവ. സിസ്റ്റർ സ്റ്റെഫാനി ഇക്കഴിഞ്ഞ മാർച്ചു മാസം 31-ാംനു 68-ാമത്തെ വയസ്സിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. പ്രസിദ്ധപ്പെട്ട റൊസാരിയോ കുടുംബത്തിൽപ്പെട്ട ഈ മഹതിയുടെ നാലു സഹോദരിമാരും അമ്മയും കർമ്മലീത്താസഭയിൽ ചേർന്നതാണെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാകുന്നു. ഇരുപതു കൊല്ലത്തെ അദ്ധ്യാപകജോലിക്കിടയിൽ തന്റെ സന്മാതൃകകളാലും പുണ്യശുഷ്കാന്തിയാലും അനേകം ആത്മാക്കളെ ദിവ്യമണവാളനു സമ്പാദിച്ചുകൊടുക്കുന്നതിനു ഈ സാധ്വീമണിക്കു സാധിച്ചിട്ടുണ്ടു്. ജീവിതകാലത്തിന്റെ അവസാനത്തെ 20 വർഷങ്ങളും അസഹനീയമായരോഗശയ്യയിലാണുകഴിച്ചുകൂട്ടിയതെങ്കിലും തദവസരത്തിൽ അവർ പ്രദർശിപ്പിച്ച സഹനശക്തി ഏവരുടേയും ആശ്ചര്യവിഷയമായിരുന്നു.

# പഞ്ചാംഗം

എപ്പാക്ത്തി ൭.　　　　.൧൦൧.൨　　　　ഞായറാഴ്ച അക്ഷരം .ദ

## ൧൯൨൫ സെപ്റ്റംബർ – ൧൧൦൧ ചിങ്ങം – കന്നി.

വ്യാകുലമാതാവിന്റെ വണക്കമാസം.

കന്നിമാസം മുഴുവൻ, മാതാവിന്റെ വ്യാകുലതകളെക്കുറിച്ചുള്ള. അംഗീകരിക്കപ്പെട്ട ഏതെങ്കിലും പുസ്തകം കുറേനേരം വായിക്കുന്നവർക്കു പ്രതിദിനം 300 ദി. ദ. വി. മാസാവസാനദിനമോ അടുത്തുവരുന്ന എട്ടു ദിവസങ്ങളിൽ എന്നെങ്കിലുമോ പൂർണ്ണദണ്ഡവിമോചനം.

| | | | | |
|---|---|---|---|---|
| 1 | 16 | ചൊ | മാ. എജിദീയോസ് ന. ആ. കു. വെ. | വെ. |
| 2 | 17 | ബു | † മാ. എസ്തപ്പാൻ രാജാ. ന. ആ. കു. വെ. | വെ. |
| 3⊕ | 18 | വ്യാ | ക. മറിയം. അമ്മ. അന്നാ. ന. കു. വെ. ജൂലൈ ൨൬ | വെ. |
| 4 | 19 | വെ | വേദ. മക്കബായെ ന. ആ. കു. വെ. ആഗസ്റ്റ് ൧. | ച്യു. |
| 5 | 20 | ശ | † അ. മാ. ലൗറന്തി യുസ്തീനി ന. ആ. കു. വെ. | വെ. |
| 6 | 21 | ഞാ | ✠ പന്ത. ൧൪-ാം ന. കു. ആ. .൬൨ . ൯ . ൨ | പ. |
| 7 | 22 | തി | † അ. മാ. മ. അല്ലോൻ. ലിഗോ. ന. ആ. കു. വെ. ആഗ. ൨ | വെ. |
| 8 | 23 | ചൊ | ✠ ക. മാതാ. പിറവി ന. കു. വെ.<br>കടവെച്ചൂർ, ളാലം, നാഗപ്പുഴ, പുളിങ്കുന്ന്, കുറവിലങ്ങാട്ട് കടുത്തുരുത്തി, കാഞ്ഞിരപ്പള്ളി പഴയപള്ളി. | വെ. |
| 9 | 24 | ബു | വേ. ഗൊർഗോനി ന. ആ. കു. വെ. | ച്യു. |
| 10 | 25 | വ്യാ | മാ. നിക്കൊലാവോസ് ടൊല. ന. ആ. വെ. | വെ. |
| 11 | 26 | വെ | വേദ പ്രോത്താ. ക്രു. ന. ആ. കു. വെ. | ച്യു. |
| 12 | 27 | ശ | മാതാ. എം. ന. ആ. കു. വെ. | വെ. |
| 13 | 28 | ഞാ | ✠ പന്ത. ൧൫-ാം ന. കു. ആ. ൨൱൮ .൩൰ ൨ .൰<br>ബുധൻ ഇറച്ചിവിലക്ക. | പ |
| 14 | 29 | തി | (✠) ശ്ലു. കുരിശിൻ പുകഴ്ച. ന. കു. ആ. | ച്യു. |
| 15 | 30 | ചൊ | ക. മാതാ. പിറവി എട്ടാം ന. ആ. കു. വെ. | വെ. |
| 16 | 31 | ബു | വേദ. കൊർണ്ണലിയോസും ക്രു. ന. ആ. കു. വെ. (പട്ടം) ഇ. വി. | ച്യു. |
| 17 | 1 | വ്യാ | † മാ. ഫ്രൻസീസ്കോസ് ദ മുറിവ് ന. ആ. കു. വെ. | വെ. |
| 18 ● | 2 | വെ | † മാ. യൗസേപ്പ് കൊപ്പെ. ന. ആ. കു. വെ. (പട്ടം)<br>അമലോത്ഭവതിരുനാളിനു മുമ്പുള്ള 12 ശനിയാഴ്ച ഭക്തി നാളെ തുടങ്ങും. | വെ. |
| 19 | 3 | ശ | അ. വേദ യനുവാരി. ക്രു. ന. ആ. കു. വെ. (പട്ടം) | ച്യു. |
| 20 | 4 | ഞാ | ✠ പന്ത. ൧൬-ാം ന. കു. ആ. ൯൦ . ൰ . ൨ | പ. |
| 21 | 5 | തി | (✠) ശ്ലീ. എവൻഗേലിസ്താ. മത്തായി ന. കു. വെ. | ച്യു. |
| 22 | 6 | ചൊ | † അ. മാ. തോമ്മാ വില്ല. ന. ആ. കു. വെ. | വെ. |
| 23 | 7 | ബു | പാ. വേദ ലീനോ. ന. ആ. കു. വെ. | ച്യു. |
| 24 | 8 | വ്യാ | † മനോഗുണമാതാവ് ന. ആ. കു. വെ.<br>വി. യൗസേപ്പുപുണ്യവാന്റെ തിരുനാളിനു മുമ്പുള്ള 10 വെള്ളിയാഴ്ച ഭക്തി നാളെ തുടങ്ങുന്നു. | വെ. |
| 25 | 9 | വെ | പാ. വേദ എസ്തപ്പാ. ന. ആ. കു. വെ. ആഗ. ൨. | ച്യു. |
| 26 | 10 | ശ | വേദ കൊസ്മി ക്രു. ന. ആ. കു. വെ. | ച്യു. |
| 27 | 11 | ഞാ | ✠ പന്ത ൧൭-ാം ന. കു. ആ. .൬൨ . ൧൦ . ൰ | പ. |
| 28 | 12 | തി | † രാജാ. വേദ. വെഞ്ചെസ്ലാ ന. ആ. കു. വെ. | ച്യു. |
| 29 | 13 | ചൊ | (✠) മിഖായേൽ മാലാഖാ പള്ളി കൂദാശ ന. കു. വെ. | വെ. |
| 30 | 14 | ബു | പട്ട മ. ഇൗറാനീമ്മോ. ന. ആ. കു. വെ. | വെ. |

---

Printed and published for the Proprietor by P. K. Joseph, at the
St. Joseph's Press, Mannanam. 1925.